# സമന്വയ

അതിരൂപത ബുള്ളറ്റിൻ

## തിരുവനന്തപുരം ലത്തീൻ അതിരൂപത, വെള്ളയമ്പലം.

പുസ്തകം 24 ഫെബ്രുവരി 2019 ലക്കം 2

***രക്ഷാധികാരികൾ***
മോസ്റ്റ് റവ. ഡോ. സൂസപാക്യം, എം.
റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ.
***പത്രാധിപർ***
റവ.ഡോ.മൈക്കിൾ തോമസ്
***പത്രാധിപ സമിതി***
റവ. ഡോ. എഡിസൺ വൈ.എം
റവ. ഫാ. ജൂഡിറ്റ് പയസ് ലോറൻസ്
റവ. ഡോ. ഡൈസൺ വൈ.
റവ. ഡോ. ലോറൻസ് കുലാസ്
റവ. ഫാ. എ.ആർ ജോൺ
റവ. ഫാ. ലെനിൻ രാജ്
റവ. ഫാ. ലെനിൻ ഫെർണാണ്ടസ്
റവ. ഫാ. ടോണി ഹാംലെറ്റ്
റവ. ഫാ. ഷാജൻ ജോസ്
***കവർ & ലേ-ഔട്ട്***
റവ.ഫാ.സുരേഷ്പയസ്

ലാറ്റിൻ ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, കവടിയാർ പി. ഒ.
തിരുവനന്തപുരം - 695 003
ഫോൺ : 0471 - 2724001
ഫാക്സ് : 0471 - 2725001

### താളുകളിൽ

❖ കാര്യക്ഷമതയോടെ പ്രവർത്തിക്കുന്ന നേതൃത്വം (എഡിറ്റോറിയൽ)
❖ ആർച്ച്ബിഷപ്സ് ഡയറി- ഫെബ്രുവരി
❖ ബിഷപ്സ് ഡയറി - ഫെബ്രുവരി
❖ ചാൻസലറുടെ ഓഫീസിൽ നിന്ന്
❖ മെട്രോപ്പോലീറ്റൻ ട്രൈബ്യൂണൽ
❖ ബിസിസി
❖ അജപാലന ശുശ്രൂഷ
❖ കുടുംബപ്രേഷിത ശുശ്രൂഷ
❖ യുവജന ശുശ്രൂഷ
❖ വിദ്യാഭ്യാസ ശുശ്രൂഷ
❖ സാമൂഹ്യ ശുശ്രൂഷ
❖ അല്മായ ശുശ്രൂഷ

എഡിറ്റോറിയൽ

# കാര്യക്ഷമതയോടെ പ്രവർത്തിക്കുന്ന നേതൃത്വം

ജനുവരി മാസത്തോടുകൂടി ബിസിസി യൂണിറ്റ്, ഇടവക ഫൊറോന തലത്തിൽ നവനേതൃത്വത്തിന്റെ തെരഞ്ഞെടുപ്പും, പരിശീലനവും ഏറെക്കുറെ പൂർത്തിയായിരിക്കുകയാണല്ലോ. വിശിഷ്യ ഇടവക കൗൺസിൽ, ഇടവകധനകാര്യസമിതി, ഫൊറോനാ കൗൺസിൽ, ഫൊറോനവികേന്ദ്രീകരണ പ്രവർത്തന സമിതികളായ തർക്ക പരിഹാരസമിതി, നിർമ്മാണസമിതി, ആഡിറ്റിംഗ് സമിതി, അതിരൂപതാ പാസ്റ്ററൽ കൗൺസിൽ, അതിരൂപതാ വൈദീക സെനറ്റ് എന്നിവയ്ക്ക് രൂപം നല്കുകയും ഓരോ സമിതികളിലേക്കുള്ള ഔദ്യോഗിക ഭാരവാഹികളേയും ഉപസമിതികളിലേക്കുള്ള അംഗങ്ങളെയും തെരഞ്ഞെടുക്കപ്പെട്ടിരിക്കുകയാണല്ലോ

ഇടവക ഫൊറോന അതിരൂപതാതലത്തിൽ പുതുതായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ഭാരവാഹികൾക്ക് അഭിനന്ദനവും ഭാവുകങ്ങളും നേരുന്നു. ഏതൊരു സമിതിയും വിജയം കൈവരിക്കുന്നത് കഴിഞ്ഞകാല പ്രവർത്തനങ്ങളെ സത്യസന്ധമായും വസ്തുനിഷ്ഠമായും വിലയിരുത്തി, നന്മകൾ പരിപോഷിപ്പിച്ച്, കുറവുകൾ നികത്തി, ദീർഘവീക്ഷണത്തോടും, വ്യക്തമായ ദർശനത്തോടുംകൂടി പ്രവർത്തിക്കുമ്പോഴാണ്. പുതുതായി ചുമതലയേറ്റെടുത്തിരിക്കുന്ന വിവിധ സമിതികളിലെ നവനേതൃത്വത്തിന് ഇപ്രകാരം പ്രവർത്തിക്കുവാൻ സാധിക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

വിവിധ സമിതികൾ, വിശിഷ്യ ഫൊറോന, അതിരൂപത അജപാലനസമിതികൾ അലങ്കാരിക സമിതികളാക്കാതെ, ചർച്ചയിലും യോഗങ്ങളിലും മാത്രം പ്രവർത്തനങ്ങൾ ഒതുക്കാതെ കാര്യക്ഷമതയോടെ ജനങ്ങളുടെ പ്രാദേശിക വിഷയങ്ങളിൽ നിർണ്ണായകമായ ഇടപ്പെടലുകൾ നടത്തുവാനും കൂട്ടായ് കർമ്മപദ്ധതികൾ ഏറ്റെടുത്ത് സമയബന്ധിതമായി നടപ്പിലാക്കുവാനും സാധിക്കണം. അതിന് സഹായിക്കുന്ന രീതിയിൽ ഇടവക - ഫൊറോന അതിരൂപതാതലത്തിലെ വിവിധ ശുശ്രൂഷാസമിതികളുടെ 2019 - 20 പദ്ധതി വർഷത്തേക്കുള്ള പ്ലാനും ബഡ്ജറ്റും തയ്യാറാക്കുവാൻ ആവശ്യമായ പങ്കാളിത്ത ചർച്ചകൾക്ക് ഫെബ്രുവരി മാസം ഉത്തരവാദപ്പെട്ടവർ നേതൃത്വം നല്കണം. വാർഷിക കർമ്മ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ, യാഥാർത്ഥ്യബോധത്തോടെ നടപ്പിലാക്കുവാൻ സാധിക്കുന്ന മുൻഗണനാ ക്രമത്തിലുള്ള പ്രാദേശിക വിഷയങ്ങൾക്ക് മുൻതൂക്കം നല്കുന്ന പദ്ധതികൾ ആവിഷ്കരിക്കുവാനും ഏകോപനത്തോടും കൂട്ടുത്തരവാദിത്തത്തോടും കാര്യക്ഷമതയോടും കൂടി പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുവാനും ശ്രദ്ധിക്കേണ്ടയിരിക്കുന്നു.





പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിനായി കൃത്യതയാർന്ന വിലയിരുത്തലും മേൽനോട്ടവുമുണ്ടാകണം. അത്യന്തികമായി, ദൈവരാജ്യമൂല്യങ്ങൾക്ക് മുൻതൂക്കം നല്കിക്കൊണ്ടുള്ള കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു.

ഫെബ്രുവരി മാസം സന്യസ്തർക്കുവേണ്ടി പ്രത്യേകമായി സമർപ്പിക്കപ്പെട്ടിരിക്കുന്ന മാസമായതിനാൽ നമ്മുടെ അതിരൂപതയിൽ സേവനം അനുഷ്ഠിക്കുന്ന എല്ലാ സന്യസ്തർക്കും പ്രാർത്ഥനാശംസകൾ അർപ്പിക്കുന്നതിനോടൊപ്പം അതിരൂപതക്കുവേണ്ടി അവർ ചെയ്യുന്ന ചെറുതും വലുതുമായ എല്ലാ ശുശ്രൂഷകൾക്കും ഹൃദയപൂർവ്വം നന്ദിയും അഭിനന്ദനവും അറിയിക്കുന്നു.

ഫെബ്രുവരി 2-ാം തീയതി ഇടയ ധർമ്മത്തിന്റെ 30-ാം വാർഷികത്തിലേക്കും പൗരോഹിത്യ ശുശ്രൂഷയുടെ പദമൂന്നിയിരിക്കുന്ന സുവർണ്ണ ജൂബിലിയിലേക്കും അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സൂസപാക്യം മെത്രാപ്പൊലീത്തയ്ക്ക് രൂപതാ മക്കളുടെ പ്രാർത്ഥനാശംസകളും ദൈവാനുഗ്രഹവും ആയുരാരോഗ്യവും നേരുന്നു.

**ഫാ. മൈക്കിൾ തോമസ്**
എഡിറ്റർ.

## ARCHBISHOP'S DIARY, FEBRUARY 2019

| | | | |
|---|---|---|---|
| 02 | SAT | 05.00 pm | Religious Day Holy Mass, Palayam |
| 03 | SUN | 07.30 am | PASTORAL VISIT, MARIANAD |
| 04 | MON TO 05 TUE | | ***Presbyterium*** |
| 06 | WED | 10.00 am | "Dual VET System", T.S.S.S |
| 09 | SAT | 06.00 pm | Retreat Conclusion, Veli |
| 10 | SUN | 07.30 am | PASTORAL VISIT, THUNDATHIL |
| | | 04.30 pm | Pettah Forane Centre Blessing |
| | | 06.00 pm | Eucharistic Celebration & Hall Blessing, Thrikkannapuram |
| 11 | MON | 05.30 pm | Feast Day Eucharistic Celebration,Marthandanthurai |
| 14 | TUE | | ***FORANE VISIT – KOVALAM*** |
| 15 | FRI TO 17 SUN | | ***KRLCC General Assembly*** |
| 20 | WED | | ***FORANE VISIT – PALAYAM*** |
| 21 | THU | | ***FORANE VISIT – KAZHAKUTTOM*** |
| 24 | SUN | 07.30 am | PASTORAL VISIT, MALAMUKAL |
| 25 | MON | | ***FORANE VISIT – VALIATHURA*** |
| 26 | TUE | 06.00 pm | Ananthapuri Convention Conclusion |
| 27 | WED | | ***FORANE VISIT – PETTAH*** |
| 28 | THU | | ***FORANE VISIT – ANJENGO*** |

**Fr. Shynish Bosco**
Secretary to Archbishop





## AUXILIARY BISHOP'S DIARY, FEBRUARY 2019

| | | | |
|---|---|---|---|
| 01 | FRI &02 SAT | | Diaconate Ordination |
| 03 | SUN | 10.30 am | Feast Day Eucharistic Celebration, Ayroor |
| 04 | MON TO 05 TUE | | ***Presbyterium*** |
| 05 | TUE | 10.00 am | St. Joseph's School Day |
| 06 | WED | 10.00 am | "Dual VET System", T.S.S.S |
| 08 | FRI | 05.30 pm | Eucharistic Celebration, Mungode |
| 09 | SAT | 06.00 pm | Feast Day Eucharistic Celebration, Kannanthura |
| 10 | SUN | 06.00 pm | Feast Day Eucharistic Celebration, Lourdepuram |
| | | 09.00 pm | Young Priest Meeting, Kovalam |
| 11 | MON | 11.00 am | Marriage Blessing, Veli |
| | | 06.30 pm | Parish Day, Thundathil |
| 14 | TUE | | ***FORANE VISIT – KOVALAM*** |
| 15 | FRI TO 17 SUN | | ***KRLCC General Assembly*** |
| | | 05.30 pm | Feast Day Eucharistic Celebration, Valiaveli |
| 18 | MON | 10.30 am | Charismatic Group Meeting |
| 20 | WED | | ***FORANE VISIT – PALAYAM*** |
| 21 | THU | | ***FORANE VISIT – KAZHAKUTTOM*** |
| 22 | FRI | 11.00 am | Viswaprakash School, Thirumala |
| 24 | SUN | 06.00 pm | Ananthapuri Convention |
| 25 | MON | | ***FORANE VISIT – VALIATHURA*** |
| 27 | WED | | ***FORANE VISIT – PETTAH*** |
| 28 | THU | | ***FORANE VISIT – ANJENGO*** |

**Fr. Shynish Bosco**
Secretary to Archbishop

# FEBRUARY 2018

## A.EPISCOPAL ORDINATION ANNIVERSARY

02nd February 2019 is the 29th Anniversary of the Episcopal Consecration of His Grace our Archbishop Most Rev. Dr. Soosa Pakiam M. Special intention for the Archbishop should be added in the prayer of the faithful during the Holy Eucharist and kindly exhort the faithful to offer their family prayers for our Archbishop.The Archdiocesan Curia, on behalf of the Clergy, Religious and Laity of the Archdiocese, expresses our sincere congratulation and prayerful wishes to our Archbishop.

## B.RELIGIOUS DAY CELEBRATION

Religious Day celebrations of this year will be on 2nd February 2019, at St. Joseph's Metropolitan Cathedral Palayam. Please include special prayers for the Consecrated people in your Parish during holy mass.

## C.BIRTHDAYS

| | |
|---|---|
| 1. Rev. Fr. Pradeep Joseph | 01.02.1975 |
| 2. Rev. Fr. Binu Joseph Alex | 02.02.1979 |
| 3. Rev. Fr.Shijin A | 03.02.1990 |
| 4. Rev. Fr. George Kooliath OFM Cap | 03.02.1946 |
| 5. Rev. Fr. Yesudasan Marian IC | 05.02.1985 |
| 6. Rev.Fr. Jayant Mary Cherian, OFM Cap | 06.02.1983 |
| 7. Rev. Fr. Joseph Valliamthadathil CM | 06.02.1959 |
| 8. Rev Fr.Augustine Shiju OCD | 08.02.1984 |
| 9. Rev. Fr. Dasappan S.J | 09.02.1962 |
| 10. Rev. Fr. Joseph Vallipalam | 10.02.1942 |
| 11. Rev. Fr. Anoop Kalathithara OSJ | 10.02.1983 |
| 12. Rev Fr.Joseph Sebastian OCD | 10.02.1960 |





| | |
|---|---|
| 13. Rev. Fr. Shaji Silva | 11.02.1979 |
| 14. Rev Fr. Thottakath James SJ | 13.02.1937 |
| 15. Rev. Fr. Sebastian C. Pereira | 14.02.1925 |
| 16. Rev. Fr. Antony S.B. | 16.02.1978 |
| 17. Rev. Fr. Shabin L. | 16.02.1981 |
| 18. Rev. Fr. Sylvester Kuris | 17.02.1966 |
| 19. Rev. Fr. Darwin Peter | 17.02.1974 |
| 20. Rev. Fr. Robinson F. | 18.02.1962 |
| 21. Rev. Fr. Stephen Jose Methachery | 18.02.1941 |
| 22. Very Rev. Fr. JosephBaskaran | 18.02.1964 |
| 23. Rev. Fr. Manu Kulapurath. | 19.02.1989 |
| 24. Rev. Dr. Augustine John | 23.02.1966 |
| 25. Rev. Fr. Yesudas Remias | 23.02.1980 |
| 26. Rev.Fr. Shibin Bosco IVDei | 23.02.1990 |

## D.ORDINATION DAYS

| | |
|---|---|
| 1. Rev. Fr. Jofin Amarakkattu HGN | 14.02.1999 |

## E.DECEASED PRIESTS

| | |
|---|---|
| 1. Rev. Fr. Cleetus Gomez | 05.02.2013 |
| 2. Rev. Fr. Antony Pereira | 07.02.1974 |
| 3. Rev. Fr. Joseph Arattukulam | 07.02.1992 |
| 4. Rev. Fr. Augustine Conception | 09.02.1964 |
| 5. Rev. Fr. Pious OCD | 11.02.1948 |
| 6. Rev. Fr. Cyriac Vettikkapalli | 26.02.1947 |

## F.PERPETUAL DAY ADORATION

| | |
|---|---|
| 1. St. Sebastian's Church, Mungoode | 08.02.2019 |
| 2. Holy Spirit Church, Mampally | 10.02.2019 |
| 3. St. Jacob's Forane Church, Pulluvila | 11.02.2019 |

## G.APPOINTMENT ORDERS

Rev. Fr. Paul Savio OFM Cap-appointed as Parish PriestSt. Sebastians Church Cheruvettucaduwith effect 3rdFebruary 2019.

**New Office bearers of the senate of Priests 2019 & 2020**

**A. Agenda Committee Members**

| | |
|---|---|
| 1 Most. Rev. Dr. Soosa Pakiam M | Archbishop ( The president) |
| 2 Rev Fr. John Bosco J | Senate Secretary |
| 3 Rev. Fr. Edison Y M | Chancellor |
| 4 Very Rev. Msgr. Eugine H. Pereira | Elected |
| 5 Very Rev. Msgr. Wilfred E. | Elected |
| 6 Very .Rev. Fr. Pancretius A. | Elected |
| 7 Rev. Dr. Hyacinth M. Nayakam | Elected |

**B. Central Working Committee Members**

| | |
|---|---|
| 1. Most. Rev. Dr. Soosa Pakiam M., | Archbishop (The president) |
| 2. Most Rev. Dr. Christudas R | Auxiliary Bishop(Chairman) |
| 3. Rev Fr. John Bosco J | Senate Secretary |
| 4. Rev. Fr. Edison Y M | Chancellor |
| 5. Very Rev. Msgr. Eugine H. Pereira | Agenda &Social Action |
| 6. Very Rev. Msgr. Wilfred E. | Agenda &Education |
| 7. Very .Rev. Fr. Pancretius A.. | Agenda Committee |
| 8. Rev. Dr. Hyacinth M. Nayakam | Agenda Committee |
| 9 Very .Rev. Fr.Syrus B. Kalathil | Fishries |
| 10. Rev. Fr. Cleetus Vincent | Temporality |
| 11. Rev. Fr. Fredy Solomon | Youth |
| 12. Rev. Fr. Thomas J. Netto | BCC |
| 13.Very Rev. Msgr. James Culas | Laity |
| 14. Very. Rev. Fr. Andrew Kosmos | Family |
| 15. Very Rev. Msgr. Dr.Nicholas T. | Pastoral Ministry |





**C. Members elected for Conciliation and Arbitration**

| | |
|---|---|
| 1 Rev. Fr. Jose | Elected |
| 2 Rev. Dr.Gladin Alex | Elected |
| 3 Rev. Dr. Hyacinth M. Nayakam | Elected |

**D. Members elected for the KRLCC & Archdiocesan Pastoral Council**

| | |
|---|---|
| 1 Very Rev. Msgr. James Culas | Elected |
| 2 Very Rev. Msgr. Joseph C. | Elected |
| 3 Very Rev. Msgr. Eugine H. Pereira | Elected |

**E. Parish Priests Representatives**

| | |
|---|---|
| 1 Very Rev. Msgr. George Paul | Elected |
| 2 Rev. Fr. Melkon. J | Elected |

## New office bearers of Archdiocesan Pastoral Council 2019-2020

| | | |
|---|---|---|
| 1. President | - | Most. Rev. Dr. Soosa Pakiam M |
| 2. Vice Presidents | - | Most. Rev. Dr. Christudas R |
| 3. | - | Shri. Prof.Varghese |
| 4. Secretary | - | Smt. Dr. Sindya Wilfred |
| 5. Joint Secretary | - | Shri. Derance Hillary |
| 6. Treasurer | - | Rev. Fr. Judit Pious Lawrence |

**Executive Committee Members**

| | | |
|---|---|---|
| Men Representative | - | Shri. Jose Mesmin |
| Women Representative | - | Smt. Eugine Paul |

**(a) Ex-Officio**

| | | |
|---|---|---|
| 1. Archbishop | - | Most. Rev. Dr. Soosa Pakiam M. |
| 2. Auxiliary Bishop | - | Most. Rev. Dr. Christudas R |
| 3. Judicial Vicar | - | Very Rev. Fr. Jose G |
| 4. Finance Officer | - | Shri.C.P Mathew |
| 5. Chancellor | - | Very Rev. Dr.Edison Y.M |
| 6. Procurator | - | Rev. Fr. Judit Pious Lawrence |
| 7. Rector of Minor Seminary | - | Very Rev. Fr. Christal Rozario |
| 8. General Secretary, Priest Senate | - | Rev. Fr. John Bosco J |
| 9. Co-codinator for Ministries | - | Very Rev. Dr. Michael Thomas |
| 10. Education Ministry | - | Rev. Dr. Daisan Yesudas |
| 11. Family Ministry | - | Rev. Fr. A.R. John |
| 12. Pastoral Ministry | - | Rev. Dr. Laurence Culas |
| 13. Youth Ministry | - | Rev. Fr. Lenin Fernandez |
| 14. Social Ministry | - | Rev. Fr. Lenin Raj |
| 15. Fisheries Ministry | - | Rev. Fr. Shajin Jose A. |





| | | |
|---|---|---|
| 16. Laity Ministry | - | Rev. Fr. Tony Hamlet A |
| 17. B.C.C. Executive Secreretary | - | Rev Fr.Suresh Pius |
| 18. Board of Temporalities | - | Shri.Sasidharan |
| 19. Vicar Foranes elected to DPC | - | Very Rev. Msgr. Dr.Nicholas T. |

**(b)MinistryRepresentatives**

| | | |
|---|---|---|
| 20. BCC | - | Mr.Johny.M.A |
| 21. DCMS | - | Mr.George S |
| 22. Education Ministry | - | Mr. Francis Sunny |
| 23. Family Ministry | - | Mr.Satheesh G |
| 24. KLCA | - | Mr.Patric Michieal |
| 25. KLCWA | - | Smt.Shirly |
| 26. Laity Ministry | - | Mr. Francis |
| 27. Pastoral Ministry | - | Mr.Nixon Lopex |
| 28. Pious Associations | - | Mr.Christudas |
| 29. Social Ministry | - | Mr.Gerard |
| 30. Youth Ministry | - | Mr.Shaiju Robin |

**(e) Priest elected from the each Vicariate**

| | | |
|---|---|---|
| 1. Angengo | - | Rev Fr.Pratheep Joseph |
| 2.Kazhakuttom | - | Rev Fr. Jose Elkin |
| 3. Kovalam | - | Rev Fr. Beed Manoj |
| 4. Palayam | - | Rev. Dr. Hyacinth M. Nayakam |
| 5. Pettah | - | Rev. Fr. Theodacious A. D'cruz |
| 6. Pulluvila | - | Rev Fr. Shabin Leen |
| 7. PuthukuruchyRev. Fr. | | |
| 8. Thoothoor | - | Rev. Fr. Lucians Thomas |
| 9. Valiathura | - | Rev. Fr. Paul G |

**f) Laity elected from the each Vicariate**

| | | |
|---|---|---|
| 1. Angengo | - | Mr.Jerald |
| 2.Kazhakuttom | - | Smt.Sheela Frederic |
| 3. Kovalam | - | Mr.John |
| 4. Palayam | - | Mr.Antony Albert |
| 5. Pettah | - | Mr.Vijaya Kumar |
| 6. Pulluvila | - | Mr.Kennedy L |
| 7. Puthukuruchy | - | Mr.Rudolf Fernandez |
| 8. Thoothoor | - | Mr.Dileep |
| **9.** Valiathura | - | Smt.Lucy John |

**(f) Senate Representatives**

1.Very Rev. Msgr. Joseph C.
2.Very Rev. Msgr. Eugene H. Pereira
3. Very Rev. Msgr. James Culas

**(g). Religious Representatives (Men)**

1.Rev. Fr. Thomas Thanniyil(Tom)
2.Rev Fr. Varghese John Puthengady sdb
3. Rev. Fr. Victor J. Everystus, IV Dei

**(h) Religious Representatives (Women)**

1.Rev. Sr. Lizia
2. Rev. Sr.Sunitha CTC
3. Rev. Sr. Leena





**Representatives to KRLCC**

1. Very Rev. Msgr. Eugene H. Pereira
2. Very Rev. Msgr. James Culas
3. Smt.Celin Nelson
4. Sherly Johny
5. Shri. Dr.S.Raimon
6. Shri.Patric Micheal

**Representatives to CCI**

1. Rev. Fr. John Bosco J
2. Smt. Dr. Sindya Wilfred
3. Mr. Francis Sunny
4. Smt.Vimala Stanly

**Arbitration and Reconciliation Forum**

1. Adv.Francis M.A 2. Smt. Daphini Pappachan

## Metropolitan Tribunal News
## January-2019

| | | |
|---|---|---|
| Number of Cases at the beginning of 2019 January | - | 233 |
| Received Cases in the Month of January | - | 003 |
| Total | = | 236 |

Decreed Cases - 02

Balance Cases = 236-02 = 234

## ***Decreed Cases : 02***

1. Case No: MTLAT/102/2016 between Yesudas (Sunil) and Liji
2. Case No: MTLAT/35/2018 between Kevin Das and Kaviyayini

**Fr. Jose G.**
Judicial Vicar





# ബിസിസി

## അതിരൂപതാതലം

അതിരൂപതയുടെ 13-മത് പാസ്റ്ററൽ കൗൺസിൽ യോഗം ജനുവരി 26-ാം തീയതി വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ രൂപതാദ്ധ്യക്ഷന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. 9 ഫെറോനകളിലും ധനകാര്യസമിതിക്ക് നേതൃത്വ പരിശീലന ക്ലാസ്സുകൾ അതിരൂപത ഫിനാൻസ് കൗൺസിൽ ടീമും ചാൻസിലർ, കോർഡിനേറ്ററുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു.

ജനുവരി മാസം 13 മുതൽ 27 വരെ പള്ളിത്തുറ ഇടവകയിൽ ഹോം മിഷൻ നടത്തുകയുണ്ടായി.

## അഞ്ചുതെങ്ങ് ഫെറോന

**ഫെറോനതലം**

ഡിസംബർ 30-ാം തീയതി ഇടവക പാരീഷ് കൗൺസിൽ അംഗങ്ങൾക്കുവേണ്ടി പരിശീലന ക്ലാസ്സ് അരയതുരുത്തി ഇടവകയിൽ സംഘടിപ്പിച്ചു. ജനുവരി 19-ാം തീയതി അഞ്ചുതെങ്ങ് ഫെറോന സെന്ററിൽ ധനകാര്യ സമിതികൾക്കുവേണ്ടിയുള്ള ബോധവൽക്കരണ ക്ലാസ്സ് നടത്തി. ജനുവരി 20-ാം തീയതി ഫെറോന കൗൺസിൽ കൂടി. എക്സിക്യൂട്ടീവ് അംഗങ്ങളെ തെരഞ്ഞെടുത്തു.

**ഇടവകതലം:**

**ആറ്റിങ്ങൽ:** ജനുവരി 13-ാം തീയതി ജനറൽ ബോഡി കൂടി. ധനകാര്യ സമിതി രൂപീകരിച്ചു.

**ചമ്പാവ്:** ഡിസംബർ 30-ാം തീയതി ബൈബിൾ ഞായർ ആയി ആചരിക്കുകയും 10 ബിസിസി യൂണിറ്റുകളേയും ഉൾപ്പെടുത്തി

ദൈവാലയത്തിൽ അഖണ്ഡ ബൈബിൾ പാരായണം നടത്തുകയും ചെയ്തു.

ജനുവരി 13-ന് ബിസിസി ജനറൽബോഡി കൂടി. റിസോഴ്സ് ടീം രൂപീകരിച്ചു.

10 ബിസിസി കളിലും യോഗങ്ങൾ ക്രമമായി നടന്നുവരുന്നു.

ജനുവരി 25-ാം തീയതി 8-ാം കുടുംബയൂണിറ്റിന്റെ വാർഷികം ആഘോഷിക്കും.

**ഫാ. ബിജിൻ** — **സി. ജനറ്റ് റോച്ച**

കോഓർഡിനേറ്റർ — ആനിമേറ്റർ

**പുതുക്കുറിച്ചി ഫൊറോന**

പുതുതായി തെരഞ്ഞെടുത്ത പാരീഷ് ഫിനാൻസ് കൗൺസിൽ അംഗങ്ങൾക്കുള്ള ഫൊറോനതല പരിശീലന ക്ലാസ്സ് ജനുവരി മാസം 19-ാം തീയതി ഫാത്തിമാപുരം പാരീഷ് ഹാളിൽ കൂടുകയുണ്ടായി. പ്രസ്തുത യോഗം ഫൊറോനവികാരി മോൺ.വിൽഫ്രഡ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ക്ലാസ്സുകളുടെ അവസാനം ഫിനാൻസ് കൗൺസിൽ അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്യുകയും ചെയ്തു.

ജനുവരി മാസം 27-ാം തീയതി പുതുക്കുറിച്ചി ഫൊറോനയിലെ 2019-2020 കാലയളവിലെ പ്രഥമ ഫൊറോന കൗൺസിൽ യോഗം സെന്റ് ഡോമനിക് പാരീഷ് ഹാളിൽ ഉച്ചയ്ക്ക് 2 മണിയ്ക്ക് കൂടുകയുണ്ടായി.

കൗൺസിൽ അംഗങ്ങൾക്ക് പുത്തൻതോപ്പിൽ സംഘടിപ്പിച്ചതിൽ പങ്കെടുക്കുവാൻ സാധിക്കാതിരുന്ന വിവിധ ഇടവകകളിൽ നിന്നുള്ള 18 പേർ അതിരൂപത നടത്തിയ ക്ലാസിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റുകൾ സ്വീകരിച്ചു.

ജനുവരി 19-ാം തീയതി തുമ്പ സെന്റ് ജോൺ പള്ളിയിൽ വച്ച് ഇടവകയുടെ തന്നെ പുത്രനായ ഡീക്കൻ മേക്കിൻസ് മാത്യു ക്രിസ്തുദാസ് പിതാവിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു.

**ഫാ. ആഷ്ലിൻ ജോസ്** — **സി. മേരി ഹെലൻ**

കോഓർഡിനേറ്റർ — ആനിമേറ്റർ

**പേട്ട ഫൊറോന**

പേട്ട ഫൊറോനയിലെ ദൈവാലയങ്ങളിൽ ഇടവക അജപാലന സമിതിയുടെ സംയുക്തയോഗം (2017-18 & 2019-20) കൂടി അധികാരക്കൈമാറ്റം നടത്തി. 13-1-2019-ൽ മൺവിള ലിറ്റിൽഫ്ളവർ ദൈവാലയഹാളിൽ വച്ച് ഫൊറോന എക്സി. യോഗം 2.30 നു നടന്നു. പുതുതായി പണികഴിപ്പിച്ച ഫൊറോന സെന്ററിന്റെ ഉദ്ഘാടനം ഫെബ്രുവരി 2-ാം തീയതി ഉദ്ഘാടനം നടത്താമെന്ന് തീരുമാനിച്ചു.

**ആഗ്നസ് ബാബു**

**കഴക്കൂട്ടം ഫൊറോന**

**ഫൊറോനതലം**

കഴക്കൂട്ടം ഫൊറോനയിലെ 7 ഇടവകകളിലും 5 സബ്സ്റ്റേഷനുകളിലും പുതിയ ബിസിസി നേതൃത്വം, പാരീഷ് കൗൺസിലും, ധനകാര്യസമിതിയും നിലവിൽ വന്നു. ജനുവരിമാസം 13-ന് നടന്ന ധനകാര്യസമിതി അംഗങ്ങളുടെ പരിശീലനം ഫൊറോനവികാപി മോൺ. ജോർജ്ജ് പോൾ

ഉത്ഘാടനം ചെയ്തു.

ജനുവരി 20-ന് കഴക്കൂട്ടം ഫാത്തിമമാതാ പാരീഷ്ഹാളിൽ വച്ച് 2019-20-ലെ പ്രഥമ ഫെറോന കൗൺസിൽ യോഗം നടന്നു. തുടർന്ന് വിവിധ ഫെറോന സമിതികളിലേക്കും, ശുശ്രൂഷാ സമിതികളുടെയും തെരഞ്ഞെടുപ്പു ഫെറോനവികാരിയുടെയും, വൈദിക കോർഡിനേറ്റർമാരുടെയും നേതൃത്വത്തിൽ നടന്നു.

**ഫാ. തോമസ് നെറ്റോ** — **ഫ്രഡറിക് പെരേര**
കോഓർഡിനേറ്റർ — ആനിമേറ്റർ

## വലിയതുറ ഫെറോന

വലിയതുറ ഫെറോന ബിസിസി കോർഡിനേറ്റേഴ്സ് യോഗം ജനുവരി 15-ന് രാവിലെ 10 മണിക്ക് ബഹു, ലാസർ അച്ചന്റെ അദ്ധ്യക്ഷതയിൽ നടന്നു. ഫെറോന സെക്രട്ടറിയായി ശ്രീമതി ബ്രിജിറ്റിനെ തെരഞ്ഞെടുത്തു.

**ഫാ. ലാസർ ബെനഡിക്ട്** — **സി. എം. ഹേമ**
കോഓർഡിനേറ്റർ — ആനിമേറ്റർ

## കോവളം ഫെറോന

ജനുവരി 13-ാം തീയതി നവീകരിച്ച കോവളം ഫെറോനാ സെന്ററിന്റെ ഉത്ഘാടനകർമ്മം ബഹു. ഫെറോനാവികാരി ബെബിൻസൺ അച്ചന്റെ നേതൃത്വത്തിൽ നടന്നു. അന്നേദിവസം ഫെറോന കൗൺസിൽ കൂടുകയും പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു.

**ഫാ. സനീഷ്** — **സി.ജമിനി ഏലിയാസ്**
കോഓർഡിനേറ്റർ — ആനിമേറ്റർ





## പുല്ലുവിള ഫെറോന

പുല്ലുവിള ഫെറോന ബിസിസി കമ്മീഷൻ യോഗം 2019 ജനുവരി 5-ാം തീയതി പുതിയതുറ ഇടവകയിൽ കൂടി. ഇടവക അജപാലന സമിതി എല്ലാ ഇടവകകളിലും രൂപീകരിച്ചു യോഗം കൂടി. ഫെറോനയിൽ നടന്ന പരിശീലന ക്ലാസ്സിൽ പങ്കെടുക്കാത്തവർ രൂപതയിൽ 12-ാം തീയതി നടന്ന ക്ലാസ്സിൽ പങ്കെടുത്തു.

**ഫാ.നിജു** — **മേരികുട്ടി**
കോഓർഡിനേറ്റർ — ആനിമേറ്റർ

## തൂത്തൂർ ഫെറോന

ജനുവരി 20-ന് സാമ്പത്തിക സമിതിയുടെ പരിശീലനം നടന്നു. വൈദീകർ, സിസ്റ്റേഴ്സ്, അൽമായർ തുടങ്ങിയവർ ഫെറോന വികാരിയുടെ നേതൃത്വത്തിൽ വിവിധ ശുശ്രൂഷകളെയും ബിസിസി നേതൃത്വം സാമ്പത്തികസമിതി ഇടവക അജപാലനം തുടങ്ങിയവയെപ്പറ്റി ബോധ്യങ്ങൾ നല്കി.

മാർത്താണ്ഡംതുറ ഇടവകയിൽ ബിസിസി സംഗമം ശുശ്രൂഷകളെ ഉൾപ്പെടുത്തി നടത്തുകയുണ്ടായി. നീരോടിയിൽ തമിഴ്നാട് ദേശീയ ഉൽസവമായ പൊങ്കൾ ആഘോഷമായിരുന്നു. വള്ളവിള ഇടവക ആരംഭിച്ച കാരിത്താസ് മൂന്നുവർഷം പൂർത്തിയാക്കി നാലാം വർഷത്തിലേയ്ക്ക് കടന്നിരിക്കുന്നു.

**ഫാ. ലാസർ ബെനഡിക്ട്** — **സി. എം. ഹേമ**
കോഓർഡിനേറ്റർ — ആനിമേറ്റർ

# അജപാലനശുശ്രൂഷ

## പുതുക്കുറിച്ചി ഫെറോന

അജപാലന ശുശ്രൂഷ സമിതിയുടെ യോഗം 12-1-2019-ന് പുത്തൻതോപ്പ് പാരീഷിൽ വച്ച് ഫാ. ഡേവിഡ്സൺ അച്ചന്റെ നേതൃത്വത്തിൽ നടത്തുകയുണ്ടായി.

**ഫാ. ഡേവിഡ്സൺ**
കോഓർഡിനേറ്റർ

## കഴക്കൂട്ടം ഫെറോന

മതബോധനം: അജപാലനസമിതിയുടെ നേതൃത്വത്തിൽ ഫെറോനയിലെ മതബോധന അദ്ധ്യാപകർക്കായി ഡിസംബർ 22-ാം തീയതി രാവിലെ 9.30 മണി മുതൽ 1 മണി വരെ അർദ്ധദിന അരമണിക്കൂർ ധ്യാനം നടത്തി.

മുരുക്കുംപുഴ: ഇടവകയിൽ എല്ലാ മാസവും ബൈബിൾ ക്ലാസ്സ് വി. മത്തായിയുടെ സുവിശേഷത്തെക്കുറിച്ച് അതിരൂപത അജപാലന ഡയറക്ടർ ഫാ. ലോറൻസ് കുലാസ് ക്ലാസ്സ് നടത്തുന്നു.

**ഫാ. ജോസഫ് എൽക്കിൻ** — **ജൂലിയറ്റ് പോൾ**
കോഓർഡിനേറ്റർ — ആനിമേറ്റർ

## പുല്ലുവിള ഫെറോന

12-1-2019-ൽ അജപാലനശുശ്രൂഷ സമിതി എക്സിക്യൂട്ടീവ് യോഗം കോർഡിനേറ്റർ ഫാ. അഗസ്റ്റിൻ ജോണിന്റെ നേതൃത്വത്തിൽ കൂടുകയുണ്ടായി.

**ഫാ. അഗസ്റ്റിൻ ജോൺ** — **മേരിത്രേസ്യ മൊറായിസ്**
കോഓർഡിനേറ്റർ — ആനിമേറ്റർ





## തൂത്തൂർ ഫെറോന

വളളവിള, നീരോടി, ഇരവിപുത്തൻതുറ എന്നീ ഇടവകകളിൽ സമിതി യോഗം കൂടി എക്സിക്യൂട്ടീവ് അംഗങ്ങളെ തെരഞ്ഞെടുത്തു.

**ഫാ. ബിനു ജോസഫ്** — **മല്ലിക ഡെസൽബിൻ**
കോഓർഡിനേറ്റർ — ആനിമേറ്റർ

# കുടുംബപ്രേഷിത ശുശ്രൂഷ

**കൗൺസിലിംഗ് ഫോറം**

കൗൺസിലിംഗ് പഠിച്ചവർക്കും കൗൺസിലിംഗ് നടത്തുന്നവർക്കും അതിരൂപതാ കൗൺസിലിംഗ് ഫോറത്തിലുള്ളവർക്കുമായി ഒരു പരിശീലന ക്ലാസ്സ് ജനുവരി 26-ാം തീയതി രാവിലെ 10 മണിമുതൽ വെകുന്നേരം 4 മണിവരെ നടത്തുന്നതാണ്.

**സാന്ത്വനം മംഗല്യം**

സാമ്പത്തികമില്ലാത്തതുകൊണ്ടു മാത്രം വിവാഹിതരാകാതെ കഴിയുന്ന യുവതികൾക്ക് വിവാഹ സഹായം നൽകുന്ന സാന്ത്വനം മംഗല്യപദ്ധതിയുടെ ഭാഗമായി ഈ മാസം 14 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അന്വേഷണ വിധേയമാക്കിയതിനു ശേഷം 12 യുവതികൾക്ക് ധനസഹായം നൽകുവാൻ സാധിച്ചു.

**ഫെറോന ആനിമേറ്റേഴ്സ് യോഗം**

കുടുംബപ്രേഷിത ശുശ്രൂഷയിലെ ഫെറോന ആനിമേറ്റർമാരുടെ ഈ മാസത്തിലെ യോഗം 22-ാം തീയതി കൂടുകയുണ്ടായി. ഫാ. എ ആർ ജോണിന്റെ പ്രാരംഭപ്രാർത്ഥനയോടുകൂടി ആരംഭിച്ച യോഗത്തിൽ ഓരോ ആനിമേറ്റർമാരും തങ്ങളുടെ ഫെറോനകളിൽ നടന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു.

പുതിയ ഇടവക കൺവീനേഴ്സിന്റെയും ഫെറോന സമിതിയുടെയും ലിസ്റ്റ് അതിരൂപതാ ഓഫീസിൽ എത്തിക്കുക, വോളന്റിയേഴ്സിനെ പ്രമോട്ട് ചെയ്യുക, കുടുംബപ്രേഷിത ശുശ്രൂഷയുടെ ഈ വർഷത്തെ കർമ്മപരിപാടി എല്ലാ ഇടവക കൺവീനർമാരുടെയും കൈകളിൽ എത്തിക്കുക എന്നീ കാര്യങ്ങളെക്കുറിച്ച് തീരുമാനിച്ചു. ഈ വർഷത്തിൽ പ്രധാനമായും വിധവകളുടെ അജപാലനമാണ് മുന്നിൽ കാണുന്നതെന്നും അവരെ അനുധാവനം ചെയ്യേണ്ടതിനെക്കുറിച്ചും സംസാരിച്ചു.





പ്രാർത്ഥനയോടെ യോഗം സമാപിച്ചു.

**ഫെറോന തല പ്രവർത്തനങ്ങൾ**

**അഞ്ചുതെങ്ങ് ഫെറോന**

2019 - 2020 വർഷത്തിലേക്കുള്ള കൺവിനേഴ്സിനെ തിരഞ്ഞെടുത്തു. കൗൺസിലിംഗിലൂടെ തകർന്ന കുടുംബ ബന്ധങ്ങളെ വീണ്ടും ഒരുമിപ്പിക്കുവാൻ സാധിച്ചു. നിത്യേന ദിവ്യബലിയിൽ പങ്കെടുത്തിരുന്ന വ്യക്തി ദൈവാലയത്തിൽ എത്താത്തതിനാൽ അവരെ സന്ദർശിക്കുകയും വീണ്ടും ദിവ്യബലിയിൽ പങ്കെടുപ്പിക്കാനും സാധിച്ചു. രോഗികളെയും ഏകസ്തരെയും പിന്നോക്കാവസ്ഥയിൽ കഴിയുന്നവരെയും സന്ദർശിക്കുകയും അവർക്ക് ആശ്വാസം നൽകുകയും ചെയ്യുന്നു.

**കോവളം ഫെറോന**

ഫെറോനാതല യോഗം ജനുവരി 26ന് നടത്തുന്നതിനുള്ള മുന്നറിയിപ്പ് എല്ലാ ഇടവകകളിലും നൽകി. ഏകസ്തർ & ഓഖിയിൽപ്പെട്ട് തിരിച്ച് എത്തിയവർ എന്നിവരെ സന്ദർശിച്ച് രൂപതാ വിഹിതം കൈമാറി. വിഴിഞ്ഞം, പെരിങ്ങമല, കാക്കാമൂല, വവ്വാമൂല എന്നീ ഇടവകകളിലെ ഏകസ്തരെ സന്ദർച്ചു.

**കഴക്കൂട്ടം ഫെറോന**

ഇടവകതലത്തിൽ പുതിയ കുടുംബശുശ്രൂഷ സമിതി നിലവിൽ വന്നു. ജനുവരി 21 ന് ഫെറോന കൗൺസിൽ യോഗം വൈദീക കോർഡിനേറ്റർ റവ. ഫാ. ഡേവിഡ് ഇടക്കുളത്തൂറിന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. ഈ യോഗത്തിൽ ഫെറോന സമിതിയെ തിരഞ്ഞെടുത്തു. ഫെബ്രുവരി 11 ന് രോഗീദിനമാണ് അതുകഴിഞ്ഞു വരുന്ന ഞായറാഴ്ചയായ ഫെബ്രുവരി 17 ന് ഇടവകകളിൽ ആഘോഷിക്കുവാൻ തീരുമാനിച്ചു.

**തൂത്തൂർ ഫെറോന**

ഏകസ്തർ, വിധവകൾ, രോഗികൾ, ദാരിദ്ര്യത്തിൽ കഴിയു

ന്നവർ, ഓഖിയിൽപ്പെട്ട് തിരിച്ചെത്തിയവർ എന്നിവരെ സന്ദർശിച്ചു. മാധ്യമവിമുക്ത കുടുംബ മണിക്കൂറിന്റെ ആവശ്യകതയെക്കുറിച്ച് യൂണീറ്റുതലത്തിൽ ക്ലാസ്സ് നൽകി വരുന്നു. അതുപോലെ കുടുംബസമേതം ദിവ്യബലിയർപ്പണം, കൂദാശകളുടെ സ്വീകരണം എന്നിവയ്ക്കും മുൻതൂക്കം നൽകുന്നു.

ഡിസംബർ മാസത്തിൽ തൂത്തൂർ ഫെറോനയിലെ വിവാഹ മുന്നൊരുക്കകോഴ്സിൽ 90 വ്യക്തികൾ പങ്കെടുത്തു.

**പേട്ട ഫെറോന**

പേട്ട ഫെറോനയിലെ ദൈവാലയങ്ങളിൽ കുടുംബപ്രേഷിത ശുശ്രൂഷയുടെ ഇടവക സമിതി രൂപീകരിക്കുകയും ഇടവക കൺവീനർമാരെ തിരഞ്ഞെടുക്കുകയും ചെയ്തു. യൂണീറ്റുതലത്തിൽ വിധവകൾ ഏകസ്തർ ഇവരുടെ വിവരശേഖരണം നടക്കുന്നു. കപ്പിൾസ് ഫോർ ക്രൈസ്റ്റ് - മുട്ടട, പേട്ട ഇടവകകളിൽ നടന്നു വരുന്നു.

**പാളയം ഫെറോന**

2019 - 2020 വർഷത്തേക്കുള്ള ഫെറോനാതല തിരഞ്ഞെടുപ്പു നടത്തി, ഫെറോന എക്സിക്യൂട്ടീവ് അംഗങ്ങളെ തിരഞ്ഞെടുത്തു. വരും നാളുകളിൽ ചെയ്യേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച നടത്തി. മാധ്യമ വിമുക്ത കുടുംബ മണിക്കൂർ, കൗൺസിലിംഗ് എന്നിവയെക്കുറിച്ചു സംസാരിച്ചു. ജനുവരി 27 യൂണീറ്റ് ഇടവകതലത്തിലെ കുടുംബപ്രേഷിത കൺവീനർമാർക്കായി പരിശീലന പരിപാടി നടത്തുവാൻ തീരുമാനിച്ചു.

**പുല്ലുവിള ഫെറോന**

പുല്ലുവിള ഫെറോനയിലെ എല്ലാ ഇടവകകളിലെയും കുടുംബശുശ്രൂഷാ സമിതി തിരഞ്ഞെടുപ്പു നടത്തി. പരുത്തിയൂർ, കൊല്ലംകോട്, കൊച്ചുതുറ, കരുംകുളം, പുല്ലുവിള, ചൊവ്വര, പൂവാർ, പുതിയതുറ, അടിമലത്തുറ എന്നീ ഇടവകകൾ സന്ദർശിക്കുകയും സാന്ത്വനം മംഗല്യം അപേക്ഷ നൽകിയവരെയും രോഗികളെയും ഏകസ്തരെയും ഓഖിയിൽപ്പെട്ട് തിരിച്ചെത്തിയവരെയും സന്ദർശിക്കുകയും ചെയ്തു.





ഇടവകവികാരിമാർ ആവശ്യപ്പെടുന്നതനുസരിച്ച് കൗൺസിലിംഗ് നൽകി വരുന്നു. കൗൺസിലിംഗ് വഴി പ്രശ്നബാധിതമായ 2 കുടുംബങ്ങളെ രമ്യതയിലെത്തിക്കാൻ കഴിഞ്ഞു. ജനുവരി മുതൽ രണ്ടാമത്തെയും നാലാമത്തെയും ചൊവ്വാഴ്ചകളിൽ പുല്ലുവിള ഇടവകയിൽ കൗൺസിലിംഗ് ഉണ്ടായിരിക്കും.

ഫെബ്രുവരി മാസം ആദ്യ ആഴ്ചയിൽ തന്നെ ഫെറോന സമിതിയോഗം വിളിച്ചു കൂട്ടുന്നതാണ്.

**വലിയതുറ**

ജനുവരി 10 ന് വൈദീക കോർഡിനേറ്റർ റവ. ഫാ. ജോസഫ് ബാസ്റ്റിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തില് 2019-2020 ലെ കുടുംബപ്രേഷിത ശുശ്രൂഷ എക്സിക്യൂട്ടീവ് അംഗങ്ങളെ തിരഞ്ഞെടുത്തു. തിരഞ്ഞെടുക്കപ്പെട്ട ഓരോ പ്രതിനിധികൾക്കും വേണ്ട നിർദ്ദേശം അച്ചൻ നൽകുകയുണ്ടായി. രൂപതാ തലത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ ഫെറോനതലത്തിലും ഇടവകതലത്തിലും നടത്തുവാൻ ശ്രമിക്കണമെന്ന് അച്ചൻ ആവശ്യപ്പെട്ടു. ഏകസ്തർ, വിധവകൾ, ആഹാരം പോലും കഴിക്കാൻ സാധിക്കാതെ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവർ എന്നിവരുടെ പൂർണ്ണ വിവരശേഖരണം നടത്തുവാനും യൂണീറ്റ് പ്രതിനിധികൾക്ക് ശുശ്രൂഷയുടെ പ്രവർത്തനമേഖലയെക്കുറിച്ച് ക്ലാസ്സുനടത്തുവാനും തീരുമാനിച്ചു.

ക്ലാസ്സിന്റെ തീരുമാനമനുസരിച്ച് ജനുവരി 15 ന് ഉച്ചതിരിഞ്ഞ് 2.30 മുതൽ അതിരൂപതാ ഡയറക്ടർ ഫാ. ജോൺ ക്ലാസ്സെടുത്തു. ശ്രീ. സ്റ്റീഫൻ റൂബൻസ് രൂപതാതലപ്രവർത്തനങ്ങളിലെ അനുഭവങ്ങളെക്കുറിച്ച് പങ്കുവച്ചു. 112 പേർ ക്ലാസ്സിൽ പങ്കെടുത്തു. ഫെറോന എക്സിക്യൂട്ടീവ് യോഗം രണ്ടാം ചൊവ്വാഴ്ച വൈകുന്നേരം 5.30 കൂടുവാൻ തീരുമാനിച്ചു.

**വിവാഹ ഒരുക്കസെമിനാർ**

ജനുവരി 11, 12, 13 തീയതികളിൽ നടന്ന കോഴ്സിൽ 55 പെൺകുട്ടികളും 72 ആൺകുട്ടികളും ജനുവരി 21, 22, 23 തീയതികളിൽ നടന്ന ക്ലാസ്സിൽ 50 ആൺകുട്ടികളും 38 പെൺകുട്ടികളും പങ്കെടുത്തു. ഇവരെ ഗ്രൂപ്പുകളായിതിരിച്ച് ആനുകാലിക പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. എല്ലാവരും സജീവമായി പങ്കെടുത്തു.

**വിവാഹ ഒരുക്കസെമിനാർ 2019**
ഫെബ്രുവരി 15, 16, 17
തീയതികളിൽ നടത്തപ്പെടുന്നു.

**മാര്യേജ് ബ്യൂറോ**

വെബ്സൈറ്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമായി നടക്കുന്നു. ഈ മാസത്തിൽ മാര്യേജ് ബ്യൂറോയിൽ 22 വ്യക്തികളുടെ പേര് രജിസ്റ്റർ ചെയ്തു. മാര്യേജ് ബ്യൂറോ ഓൺ ലൈൻ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ചെയ്യേണ്ട വെബ്സൈറ്റ് www.latinmatrimonial.com





# യുവജന ശുശ്രൂഷ

## അഞ്ചുതെങ്ങ് ഫെറോന

ഫെറോന യുവജനശുശ്രൂഷയുടെ യോഗം 6-1-19-ൽ ബഹു. സ്റ്റാലിൻ അച്ചന്റെ അദ്ധ്യക്ഷതയിൽ 2 മണിയ്ക്ക് നടന്നു. അതിൽ പുതിയ ഫെറോന ഭാരവാഹികളെ തെരഞ്ഞെടുത്തു.

**ഇടവകതലം: പൂത്തുറ**

പുതിയ ഭാരവാഹികൾക്കായി 13-1-19-ൽ ഇടവകവികാരി ജോസ് ഫ്രാങ്ക്ളിൻ അച്ചന്റെ നേതൃത്വത്തിൽ യുവജന ശാക്തീകരണ സെമിനാർ സംഘടിപ്പിച്ചു. ഇന്റെലിജൻസ് ഉദ്യോഗസ്ഥനും അതിരൂപത യുവജന റിസോഴ്സ് അംഗവുമായ ശ്രീ.സെൽവരാജ് ആണ് ക്ലാസ്സ് നയിച്ചു. 16-ന് സെക്രട്ടറിയേറ്റിൽ നടന്ന പ്രതിഷേധത്തിൽ ഇടവകയിൽ നിന്നും 15 പേർ പങ്കെടുത്തു.

**ഫാ. സ്റ്റാലിൻ ഫെർണാണ്ടസ്**
കോഓർഡിനേറ്റർ

**ഗ്ലാഡിസ് ജെയിംസ്**
ആനിമേറ്റർ

## പുതുക്കുറിച്ചി ഫെറോന

2019 ജനുവരി 3-ന് സെന്റ് ആൻഡ്രൂസ് പാരീഷിൽ വച്ച് 3 മണിയ്ക്ക് ഫാ.ആന്റോ ബൈജു അച്ചന്റെ നേതൃത്വത്തിൽ ഫെറോന യോഗം നടന്നു. ഫെറോനതലത്തിൽ യുവജനശുശ്രൂഷ സമിതിയിൽ 30 വയസ്സിൽ പ്രായമുളള ഒരു പാവപ്പെട്ട പെൺകുട്ടിയ്ക്ക് മംഗല്യ ധനസഹായം നൽകാമെന്നും തീരുമാനിച്ചു.

## പേട്ട ഫെറോന

2019 ജനുവരി മാസം 6-ാം തീയതി പോങ്ങുംമൂട് ഇടവകയിൽ വച്ച് യുവജനശുശ്രൂഷ ഫെറോന ജനറൽ ബോഡി

യോഗം കോഡിനേറ്ററിന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി.

ജനുവരി മാസം 20-ാം തീയതി പേട്ട പാരീഷ്ഹാളിൽ വച്ച് യുവജനശുശ്രൂഷ എക്സിക്യൂട്ടീവ് യോഗം കൂടുകയുണ്ടായി.

| | |
|---|---|
| **ഫാ. ക്രിസ്തുദാസ്** | **സുശീല ഷാജി** |
| കോഓർഡിനേറ്റർ | ആനിമേറ്റർ |

## കഴക്കൂട്ടം ഫെറോന

ജനുവരി 6-ാം തീയതി എല്ലാ ഇടവകയിലും യുവജന വർഷ സമാപനം ആഘോഷിച്ചു. എല്ലാ ഇടവകകളിലും പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു.

ജനുവരി 6-ാം തീയതി ഫെറോന സമിതി യോഗം കൊയ്ത്തൂർക്കോണം ഇടവകയിൽ കോർഡിനേറ്റർ അദ്ധ്യക്ഷതയിൽ യോഗം നടത്തി. ഫെറോന സമിതി അംഗങ്ങളെ തെരഞ്ഞെടുത്തു.

| | |
|---|---|
| **ഫാ. റിച്ചാർഡ് സക്കറിയ** | **ജൂലിയറ്റ് പോൾ** |
| കോഓർഡിനേറ്റർ | ആനിമേറ്റർ |

## പാളയം ഫെറോന

6-1-19-ൽ തൈക്കാട് ഇടവകയിൽ വച്ച് 2019-20 വർഷത്തേക്കുള്ള ഫെറോന ഭാരവാഹികളെ തെരഞ്ഞെടുത്തു റവ.ഫാ.സന്തോഷിന്റെ നേതൃത്വത്തിൽ.

| | |
|---|---|
| **ഫാ. സന്തോഷ് കുമാർ** | **ജൂലി ഡയനേഷ്യസ്** |
| കോഓർഡിനേറ്റർ | ആനിമേറ്റർ |

## വലിയതുറ ഫെറോന

ഫെറോനാ യുവജനശുശ്രൂഷയുടെ എക്സിക്യൂട്ടീവിനെ





തെരഞ്ഞെടുക്കുന്ന യോഗം 6-1-19 ചെറിയതുറ ഇടവകയിൽ വച്ച് ജെറോമച്ചന്റെ നേതൃത്വത്തിൽ 6-ാം തീയതി നടന്നു. ഇതിൽ വച്ച് എക്സിക്യൂട്ടീവിനെ തെരഞ്ഞെടുത്തു.

| | |
|---|---|
| **ഫാ. ജെറോം** | **മേരി ക്രിസ്റ്റി** |
| കോഓർഡിനേറ്റർ | ആനിമേറ്റർ |

## കോവളം ഫെറോന

കെസിവൈഎം-ലെ തെരഞ്ഞെടുക്കപ്പെട്ട നേതാക്കൾക്ക് മോട്ടിവേഷൻ ക്ലാസ്സ് സംഘടിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നു.

കരിസ്മാറ്റിക് ടീം

പൂന്തുറ സെന്റ് തോമസ് ഹയർ സെക്കന്ററി സ്ക്കൂളിൽ +1, +2 വിദ്യാർത്ഥികൾക്കായി സ്വഭാവരൂപീകരണത്തെക്കുറിച്ച് ഒരു മണിക്കൂർ ക്ലാസ്സ് നൽകി. 187 വിദ്യാർത്ഥികൾ പങ്കെടുത്തു.

ക്രിസ്മസ്സ് & പുതുവത്സരത്തോടനുബന്ധിച്ച് ഏകദിന ക്ലാസ്സ് സംഘടിപ്പിച്ചു. 64 വിദ്യാർത്ഥികൾ പങ്കെടുത്തു.

| | |
|---|---|
| **ഫാ. ആന്റണി സോണി** | **ഷൈജ ആന്റണി** |
| കോഓർഡിനേറ്റർ | ആനിമേറ്റർ |

## പുല്ലുവിള ഫെറോന

6-1-19-ൽ പുല്ലുവിള ഇടവകയിൽ വച്ച് ഫെറോനസമിതിയോഗം കോർഡിനേറ്റർ ഫാ. ഷിജിന്റെ അദ്ധ്യക്ഷതയിൽ കൂടുകയും ഫെറോനസമിതിയ്ക്ക് രൂപം നല്കുകയും ചെയ്തു.

പള്ളം, കൊച്ചുതുറ, കൊല്ലംങ്കോട്, പുല്ലുവിള എന്നീ ഇടവകയിൽ കെസിവൈഎം ന്റെ യോഗം കൂടുകയും കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തുകയും,

പുതിയ എക്സിക്യൂട്ടീവ് രൂപം നല്കുകയും ചെയ്തു.

**ഫാ. ഷിജിൻ** **മേരിത്രേസ്യ മൊറായിസ്**

കോഓർഡിനേറ്റർ ആനിമേറ്റർ

### തൂത്തൂർ ഫെറോന

15-1-19-ൽ ഇരവിപുത്തൻതുറയിൽ വച്ച് "കോർ ടീം ട്രെയ്നിംഗ് നടന്നു. ഇതിൽ 25 അംഗങ്ങൾ പങ്കെടുത്തു.

15-ാം തീയതി മുതൽ 17 വരെ സെന്റ് ആന്റണീസ് സ്കൂളിൽ വച്ച് സ്റ്റുഡൻസ് ധ്യാനം നടത്തി. ഇതിൽ 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ 200 കുട്ടികൾ പങ്കെടുത്തു. 15 അധ്യാപകരും പങ്കെടുത്തു.

20-1-19-ൽ 6 മണി മുതൽ 8 മണി വരെ ബോയിസ് ഗ്യാതറിംഗിൽ 30 കുട്ടികൾ പങ്കെടുത്തു. 4-1-19-ൽ രാത്രി 9.30-300 മണി വരെ രാത്രി ജപമാല നടന്നു.

**ഫാ. രജീഷ്** **മല്ലിക ഡസൽബിൻ**

കോഓർഡിനേറ്റർ ആനിമേറ്റർ





# വിദ്യാഭ്യാസശുശ്രൂഷ

## രൂപതാതലം

### അഞ്ചുതെങ്ങ് ഫെറോന

ഫെറോന വിദ്യാഭ്യാസ സമിതി യോഗത്തിൽ പ്ലാൻ അനുസരിച്ചു അടുത്തു നടത്തുവാനുള്ള പ്രോഗ്രാം ഇന്റർ സ്കൂൾ കോമ്പറ്റീഷൻ ഫോർ കാത്തലിക് (സ്കൂൾ കലോത്സവം) 12-1-19-ൽ സെന്റ് ജോസഫ് എച്ച്എസ്എസ് സ്കൂളിൽ വച്ചു നടത്തി. അതിൽ എൽ.പി വിഭാഗത്തിൽ ഒന്നാം സ്ഥാനം സെന്റ് അലോഷ്യസ് മാമ്പള്ളിയും രണ്ടാം സ്ഥാനം സെന്റ് ജോസഫ് ക്ലണി സ്കൂളും നേടി. എച്ച്.എസ് വിഭാഗത്തിൽ ഒന്നാം സ്ഥാനം സെന്റ് ജോസഫ് സ്കൂൾ അഞ്ചുതെങ്ങിനും രണ്ടാംസ്ഥാനം സേക്രഡ് ഹാർട്ട് കോൺവെന്റ് സ്കൂളിനും ലഭിച്ചു.

**ഫാ. പ്രദീപ് ജോസഫ്** **ഗ്ലാഡിസ് ജെയിംസ്**

കോഓർഡിനേറ്റർ ആനിമേറ്റർ

### പുതുക്കുറിച്ചി ഫെറോന

ജനുവരി 26-ാം തീയതി ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ 10, +1, +2, ഡിഗ്രി എന്നീ തലത്തിലെ കുട്ടികൾക്കായി മൂന്ന് മേഖലകളിലായി. "തുറമുഖങ്ങളും സാധ്യതകളും" എന്ന വിഷയത്തിന്മേൽ ഒരു ബോധവൽക്കരണ ക്ലാസ്സ് നടത്തി. അതിലേയ്ക്ക് റിസോഴ്സ് പേഴ്സനായി നാണു വിശ്വനാഥൻ സാറിനെ നിയോഗിക്കുകയും ചെയ്തു. പള്ളിത്തുറ, കൊച്ചുതുറ, തുമ്പ എന്നീ ഇടവകകളിലെ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി അതിലേയ്ക്ക് 16 വിദ്യാർത്ഥികളും അവരുടെ മാതാപിതാക്കളും

പങ്കെടുത്തു.

**ഇടവകതല പ്രവർത്തനങ്ങൾ**

**പള്ളിത്തുറ:** വിദ്യാഭ്യാസ ശുശ്രൂഷ സമിതി യോഗം നടന്നു. ഫെറോനതലത്തിൽ എക്സിക്യൂട്ടീവിനെ തെരഞ്ഞെടുത്തു.

വെട്ടുതുറ: വിദ്യാഭ്യാസശുശ്രൂഷ സമിതിയോഗം നടന്നു.

**ഫാ. ഷാജിൻ ജോസ്** **ലിസി സിജു**

കോഓർഡിനേറ്റർ ആനിമേറ്റർ

**കഴക്കൂട്ടം ഫെറോന**

ജനുവരി 20-ാം തീയതി കഴക്കൂട്ടം ഫെറോന വിദ്യാഭ്യാസ കൺവീനർ, സെക്രട്ടറിയേയും തെരഞ്ഞെടുത്തു.

ഇടവകതലം: മുരുക്കുംപുഴ ഇടവകയിൽ ജനുവരി 26-ാം തീയതി ക്വിസ് മത്സരം എൽ.പി മുതൽ സീനിയേഴ്സ് വരെ നടത്തുവാൻ തീരുമാനിച്ചു.

**ഫാ. ഡി.തോമസ്** **ജൂലിയറ്റ് പോൾ**

കോഓർഡിനേറ്റർ ആനിമേറ്റർ

**പാളയം ഫെറോന**

ഡിഫൻസ് ട്രെയിനിംഗിന്റെ ഭാഗമായി 7-ാം തീയതി അഡ്മിഷൻ തുടങ്ങി. കായിക പരിശീലനം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലും വിഷയാടിസ്ഥാന ക്ലാസ്സ് എൻഎപിറ്റി അക്കാഡമിയിലും നടക്കുന്നു. 11-1-2019-ൽ കിള്ളിപ്പാലം സെന്റ് ജൂഡ് സ്ക്കൂളിൽ പാരന്റ്സ് അവയർനസ് & സ്റ്റുഡൻസ് മോട്ടിവേഷൻ ക്ലാസ്സിന് ശ്രീ.ജോബി നേതൃത്വം നല്കി.

**ഫാ. ജോസ്.ജി** **ജൂലി ഡയനേഷ്യസ്**

കോഓർഡിനേറ്റർ ആനിമേറ്റർ





**വലിയതുറ ഫെറോന**

12-1-2019 ഉച്ചയ്ക്കുശേഷം 2 മണിയ്ക്ക് ഫൈനാൻസ് എക്സിക്യൂട്ടീവ് മീറ്റിംഗ് ഫെറോനാ സെന്റർ തോപ്പിൽ വച്ച് ഫെറോനവികാരി ബഹുമാനപ്പെട്ട സൈറസച്ചന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. 27-1-19 ഞായറാഴ്ച 2-ന് ഫെറോന സെന്ററിൽ വച്ച് സമിതിയംഗങ്ങൾക്ക് ഫെറോനാതല ക്ലാസ്സ് നടന്നു. ഇടവകകളിൽ "വിദ്യാഭ്യാസത്തിന്റെ പ്രാധാന്യവും പ്രവർത്തനരീതിയും" ഇതിനെക്കുറിച്ചുള്ള ക്ലാസ്സ് നയിക്കുന്നത് പൂന്തുറ സെന്റ് തോമസ് സ്കൂളിലെ തദയൂസ് സാറാണ്.

**ഇടവകതലം**

**വലിവേളി:** വലിയവേളി ഇടവകയിൽ തുടർപരിശീലന പരിപാടിയായ പിഎസ്സി ക്ലാസ് എല്ലാ ഞായറാഴ്ചകളിലും 4 മണി മുതൽ 6 മണി വരെ നടത്തുന്നു. ക്ലാസ് നയിക്കുന്നത് ബ്രില്യൻസിലെ അധ്യാപകരാണ്.

വെട്ടുകാട്: കെ.റ്റെറ്റ്, സി.റ്റെറ്റ്, സെറ്റ് എന്നിവയുടെ ഒരു ബോധവൽക്കരണ ക്ലാസ് നടന്നു.

**ഫാ. ജോസ് ദിലീപ്** **മേരി**

കോഓർഡിനേറ്റർ ആനിമേറ്റർ

**കോവളം ഫെറോന**

**ഫെറോന കൗൺസിൽ രൂപീകരണം**

13-1-19-ൽ ഫെറോന കൗൺസിൽ കൂടി. 14 ഇടവകകളിൽ നിന്നും തെരഞ്ഞെടുത്ത കൺവീനർമാർ പങ്കെടുത്തു. 27-1-19-ൽ തെരഞ്ഞെടുക്കപ്പെട്ട ഫെറോന വിദ്യാഭ്യാസ കൺവീനർമാർക്കും

സെക്രട്ടറിമാർക്കും എക്സിക്യൂട്ടീവ് അംഗങ്ങൾക്കുമായി ''വിദ്യാഭ്യാസത്തിന്റെ പ്രാധാന്യവും ഇടവക വിദ്യാഭ്യാസ പ്രവർത്തന നിർവ്വഹണവും'' എന്ന വിഷയത്തിൽ ഒരു ക്ലാസ്സ് നൽകാൻ തീരുമാനിച്ചു.

**ഇടവകതലം**

**പൂന്തുറ:** വിദ്യാഭ്യാസ ശുശ്രൂഷ സമിതിയുടെ ആഭിമുഖ്യത്തിൽ 5 മുതൽ 8 വരെയുള്ള വിദ്യാർത്ഥികളുടെ സൂപ്പർവൈസ്ഡ് സ്റ്റഡി & മറ്റ് കരിക്കുലർ ആക്ടിവിറ്റീസ്, പേഴ്സണാലിറ്റി മോൾഡിംഗ് ക്ലാസ്സ് എന്നിവ സംഘടിപ്പിച്ചു.

എസ്എസ്എൽസി, +2 പഠിക്കുന്ന 86 വിദ്യാർത്ഥികൾക്കായി ഗവൺമെന്റ് തലത്തിലുള്ള ജോലി സാധ്യതകളെ പരിചയപ്പെടുത്തുന്നു. കരിയർ ഗൈഡൻസ് ക്ലാസ്സും നല്കാൻ തീരുമാനിച്ചു.

8 മുതൽ ഡിഗ്രി വരെയുള്ള വിദ്യാർത്ഥികൾക്കുള്ള പൂന്തുറ സ്റ്റുഡൻസ് യൂണിയൻ ലൈബ്രറിയിൽ ക്വിസ്സ് മത്സരം സംഘടിപ്പിച്ചു. 36 വിദ്യാർത്ഥികൾ പങ്കെടുത്തു.

**ആഴാകുളം:** 5 മുതൽ +2 വരെയുള്ള വിദ്യാർത്ഥികൾക്കായി ഇടവക വിദ്യാഭ്യാസ ശുശ്രൂഷ സമിതിയുടെ അദ്ധ്യക്ഷതയിൽ ഇംഗ്ലീഷ് ഭാഷ പ്രാവിണ്യത്തിനുതകുന്ന സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ് സംഘടിപ്പിച്ചു വരുന്നു.

**പരുത്തുകുഴി:** 20-1-19 ഞായറാഴ്ച കൃത്യം 4 മണിക്ക് ഇടവക കൗൺസിൽ കൂടി.

**ഫാ. ജോഫിൻ** — **ഷൈജ ആന്റണി**
കോഓർഡിനേറ്റർ — ആനിമേറ്റർ





## പുല്ലുവിള ഫെറോന

ഫെറോനതലം: 20-1-2019-ൽ ഫെറോന ശുശ്രൂഷാസമിതി എക്സിക്യൂട്ടീവ് യോഗം കോർഡിനേറ്ററുടെ അദ്ധ്യക്ഷതയിൽ കൂടി. സമിതികൾക്കായുള്ള ക്ലാസ്സ്: പുല്ലുവിള, പുതിയതുറ, പരുത്തിയൂർ എന്നീ ഇടവകകളിൽ ഇടവകാ ഫെറോനതല വിദ്യാഭ്യാസ സമിതിയുടെ ചുമതലകൾ, കർമ്മപരിപാടികൾ എന്നിവയെകുറിച്ച് ബോധവൽക്കരണം നടത്തി.

സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സ്: ജനുവരി മാസം 4 ക്ലാസ്സുകൾ ക്രമീകരിച്ചു. 33 വിദ്യാർത്ഥികൾ ഈ മാസം പങ്കെടുത്തു. ഡിഫൻസ് പരിശീലനം: എല്ലാ ദിവസവും രാവിലെ 6 മണി മുതൽ 8 മണി വരെ കായിക ക്ഷമത പരിശീലനവും ശനി, ഞായർ ദിവസങ്ങളിൽ എഴുത്ത് പരീക്ഷയ്ക്കായുള്ള പരിശീലനവും നല്കുന്നു. 18 വിദ്യാർത്ഥികൾ പരിശീലനത്തിന് പങ്കെടുക്കുന്നു.

പിഎസ്സി പരിശീലനം: പുല്ലുവിള സ്കൂളിൽ വച്ച് എല്ലാ ശനി, ഞായർ ദിവസങ്ങളിൽ പി എസ് സി പരിശീലനം 23 ഉദ്യോഗാർത്ഥികൾക്ക് സ്പാർക്ക്സെന്ററിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നു.

**ഇടവകതലം:** എസ്എസ്എൽസി വിദ്യാർത്ഥികൾക്ക് പുല്ലുവിള ഇടവക 6-1-19-ൽ സ്റ്റഡി ക്ലാസ്സ് ആരംഭിച്ചു. 145 വിദ്യാർത്ഥികൾ ക്ലാസ്സിൽ പങ്കെടുക്കുന്നു.

7-1-2019-ൽ എസ്എസ്എൽസി വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കും ''നിർഭയം പരീക്ഷയെ എങ്ങനെ അഭിമുഖീകരിക്കാം'' ''മാതാപിതാക്കളുടെ ഉത്തരവാദിത്വം വിദ്യാഭ്യാസത്തിൽ'' എന്ന വിഷയത്തിന്മേൽ ക്ലാസ്സ് നല്കി.

കരുംകുളം ഇടവകയിൽ പത്താം ക്ലാസ്സിലെ കുട്ടികൾക്കു നൈറ്റ്

സ്റ്റഡി ആരംഭിച്ചു.
സ്ക്കൂൾ തലത്തിൽ പുല്ലുവിള, കൊല്ലംങ്കോട്, ലൂർദ്ദുപുരം എന്നീ ഇടവകകളിൽ വൈകുന്നേരം 4.30 മുതൽ 5.30 വരെ അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ പഠനം നടന്നുവരുന്നു

**ഫാ. ഫ്രെഡി സോളമൻ** — **മേരിത്രേസ്യ മൊറായിസ്**
കോഓർഡിനേറ്റർ — ആനിമേറ്റർ

## തൂത്തൂർ ഫെറോന

ഇരവിപുത്തൻതുറയിൽ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി യൂണിറ്റ് അടിസ്ഥാനത്തിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഇടവകയിലെ റ്റിറ്റിസി, ബിഎഡ് കഴിഞ്ഞവരെ കൊണ്ടു പഠനമെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ക്ലാസ്സ് നടത്തിവരുന്നു.

**ഫാ. ആൻസിൽ ആന്റണി** — **മല്ലിക ഡെസൽബിൻ**
കോഓർഡിനേറ്റർ — ആനിമേറ്റർ





# സാമൂഹ്യശുശ്രൂഷ

**നീതിസമാധാന വികസന കമ്മീഷൻ:**

ഫെറോനതല എക്സി. യോഗം 12-1-19-ൽ വലിയതുറ ഫെറോനയിൽ നടന്നു. ഇടവക സമിതി തെരഞ്ഞെടുപ്പും യോഗവും പാളയം ഫെറോന 18/18, പേട്ട 7/10, പുല്ലുവിള 14/14, കോവളം 12/12, കഴക്കൂട്ടം 13/13, അഞ്ചുതെങ്ങ് 10/10, വലിയതുറ 10/10 എന്നീ ക്രമത്തിൽ നടന്നു. സാമൂഹ്യശുശ്രൂഷാസമിതി ജനറൽബോഡി യോഗവും ഫെറോന സമിതി തെരഞ്ഞെടുപ്പും 27-1-19-ൽ അതാത് ഫെറോനകളിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

അടിസ്ഥാന സൗകര്യ വികസനങ്ങളുടെ ഭാഗമായി തൂത്തൂർ ഫെറോനയിൽ ഓഖിയിൽപ്പെട്ട 19 കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി 30 ലക്ഷം രൂപ സഹായം സാമൂഹ്യശുശ്രൂഷ ഡയറക്ടർ റവ.ഫാ.ലെനിൻരാജ് നല്കി. വലിയതുറ ഫെറോനയിൽ 4 ഭവനങ്ങളുടെ പണി പൂർത്തീകരിച്ചു. മറ്റു ഫെറോനകളിലെ ഭവനങ്ങളുടെ അവസാനഘട്ട പണി നടന്നുവരുന്നു. പുല്ലുവിള ഫെറോനയിൽ പൂവ്വാർ, പരുത്തിയൂർ എന്നിവിടങ്ങളിൽ 2 ഭവനങ്ങൾക്ക് കല്ലിടൽ കർമ്മം നടത്തി.

**സ്വയം സഹായ സംഘങ്ങളും സാമ്പത്തിക ഉന്നമനവും:** 9 ഫെറോനകളിലും എസ്എച്ച്ജി ഫെറോന ഫെഡറേഷൻ യോഗം കൂടി. പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ഉത്തരവാദിത്വങ്ങളെക്കുറിച്ച് വ്യക്തത നല്കുകയും ചെയ്തു. പാളയം ഫെറോന അംഗങ്ങൾക്ക് കുഷ്ഠരോഗ ലക്ഷണങ്ങളെയും വരാതിരിക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ആശാവർക്കർ ശ്രീമതി ലില്ലി പ്രഭ ക്ലാസ് നല്കി. അഞ്ചുതെങ്ങ് ഫെറോനയിൽ ശൈശവ വിവാഹ നിരോധനം എന്ന വിഷയത്തിൽ ബോധവൽക്കരണം നല്കി. വലിയതുറ ഫെറോനയിൽ വൺഡേ ടൂർ പ്രോഗ്രാം അംഗങ്ങൾക്ക് സംഘടിപ്പിച്ചു. കഴക്കൂട്ടം ഫെറോനയിലെ,

മുരുക്കുംപുഴ, പേട്ട ഫെറോനയിലെ-കുമാരപുപം എന്നിവിടങ്ങളിൽ പുതിയ എസ്എച്ച്ജി കൾ രൂപീകരിച്ചു. പുല്ലുവിള ഫെറോനയിൽ-പൂവ്വാർ, പരുത്തിയൂർ എന്നിവിടങ്ങളിൽ തുണി സഞ്ചി നിർമ്മാണ പരിശീലനം നടത്തി. മരിയൻ എഞ്ചിനിയറിംഗ് കോളേജ് മാനേജർ മോൺ.വിൽഫ്രഡ് ഉദ്ഘാടനവും ഫാ.ഷാബിൻ അദ്ധ്യക്ഷതയും വഹിച്ചു.

**എസ്എഎഫ്പി, കാരുണ്യപൂർവ്വം പദ്ധതി**

കാരുണ്യപൂർവ്വം പദ്ധതി വഴി പാളയം -25, പേട്ട-18, കഴക്കൂട്ടം - 8, പുതുക്കുറിച്ചി -1, കോവളം -1 എന്നീ ക്രമത്തിൽ 65 കുടുംബങ്ങൾക്കും എസ്എഎഫ്പി പദ്ധതി പ്രകാരം അഞ്ചുതെങ്ങ് 81, തൂത്തൂർ - 126, കോവളം - 98, ഓഖി ദുരിതബാധിതരായ എസ്എഎഫ്പി കുടുംബങ്ങൾ - 100 എന്നീ ക്രമത്തിൽ 405 കുടുംബങ്ങൾക്കും സഹായം നല്കിവരുന്നു. വലിയതുറ ഫെറോനയിൽ 11 കുടുംബങ്ങളെ പുതുതായി എസ്എഎഫ്പി യിൽ തെരഞ്ഞെടുത്തു.

**തൊഴിൽകാര്യ കമ്മീഷൻ**

20-1-19-ൽ കെഎൽഎം രൂപതാ തെരഞ്ഞെടുപ്പ് നടത്തി പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും കെഎൽഎംന്റെ ഉദ്ദേശലക്ഷ്യങ്ങളെക്കുറിച്ചും ഉത്തരവാദിത്വങ്ങളെക്കുറിച്ചും ബോധ്യം നല്കി. ഫാ. ജോൺഡാൾ, ഫാ.ഡോണി.ഡി.പോൾ, ശ്രീമതി അന്നറീറ്റ, ഫെറോന ആനിമേറ്റർമാർ എന്നിവരുടെ സാന്നിദ്ധ്യം യോഗത്തിൽ ഉണ്ടായിരുന്നു.

കെഎൽഎം നിലവിലുള്ള എല്ലാ ഫെറോനകളിലും യോഗങ്ങളും തെരഞ്ഞെടുപ്പും നടത്തി പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. കഴക്കൂട്ടം ഫെറോന മുരുക്കുംപുഴ ഇടവകയിൽ പുതിയ കെഎൽഎം യൂണിറ്റ് രൂപീകരിച്ചു.

**ആരോഗ്യകാര്യ കമ്മീഷൻ**

പാളയം ഫെറോനയിൽ 4-1-19-ൽ വിശ്വപ്രകാശ് സ്കൂളിലെ





കുട്ടികൾക്ക് സൗജന്യ നേത്ര പരിശോധന ക്യാമ്പും പാളയം ഇടവക കുന്നുകുഴിയിൽ സൗജന്യ ലിവർ സ്കാനിംഗ് ക്യാമ്പും എന്നിവ നടത്തി. 298, 104 എന്നീ ക്രമത്തിൽ അംഗങ്ങൾ പങ്കെടുത്തു. അഞ്ചുതെങ്ങ് ഫെറോനയിൽ ക്യാൻസർ ബാധിതരായവരുടെ ഭവന സന്ദർശനം നടത്തി. അരയതുരുത്തിയിൽ സ്പോൺസേഴ്സിന്റെ സഹായത്തോടെ രോഗീ സഹായം നല്കി. തൂത്തൂർ ഫെറോന യിൽ ഇരയിമ്മൻതുറയിൽ സൗജന്യ മൊബൈൽ മെഡിക്കൽ ക്യാമ്പ്, കുഷ്ഠരോഗ ബോധവൽക്കരണം എന്നിവ നടന്നു. കോവളം, പുല്ലുവിള, വലിയതുറ, പാളയം, പേട്ട ഫെറോനകളിൽ ഭിന്നശേഷിയുള്ള കുട്ടികളുടെയും മാതാപിതാക്കളുടെയും സംഗമം നടത്തി. ഗവൺമെന്റ് ആനുകൂല്യങ്ങളെക്കുറിച്ചുള്ള ക്ലാസും ചിത്രരചനമത്സരവും, സമ്മാനവിതരണം ധനസഹായവിതരണം എന്നിവ നടത്തി.

**സ്ത്രീകളും കുട്ടികളും**

ഫെറോനകളിലെ ചൈൽഡ് പാർലമെന്റ് യോഗങ്ങളും നഴ്സറി, സപ്ലിമെന്ററി എന്നിവയുടെ പ്രവർത്തനങ്ങളും മികച്ചരീതിയിൽ നടന്നുവരുന്നു. അഞ്ചുതെങ്ങ് ഫെറോനയിൽ കുട്ടികൾക്ക് റിപ്പബ്ലിക് ദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ക്ലാസും ക്വിസ് മത്സരവും നടത്തി. തൂത്തൂർ ഫെറോനയിൽ 10,11,12 ക്ലാസുകളിലെ കുട്ടികൾക്കുള്ള രാത്രികാല പഠനക്ലാസ് നടന്നുവരുന്നു.

വിധവഫോറം: മുരുക്കുംപുഴ, ഞാണ്ടൂർക്കോണം ഇടവകകളിലെ വിധവകൾക്ക് ജപമാല നിർമ്മാണ പരിശീലനം സിസ്റ്റർ ഷിജി നല്കി.

**പ്രവാസികാര്യ കമ്മീഷൻ**

കോവളം ഫെറോന-വിഴിഞ്ഞം ഇടവകയിലെ ഗൾഫിൽ നിന്നും തിരിച്ചുവന്ന സുഖമില്ലാതെ ചികിത്സയിൽ കഴിയുന്ന ശ്രീ.മിഷന്റെ ഭവനം സന്ദർശിച്ചു.

### മദ്യവും പരിസ്ഥിതി സംരക്ഷണവും

കോവളം ഫെറോനയിൽ ചൈൽഡ് പാർലമെന്റ് കുട്ടികൾക്ക് ലഹരിയുടെ ദൂഷ്യങ്ങളെക്കുറിച്ച് ക്ലാസ് നല്കി. പൂന്തുറ, വിഴിഞ്ഞം ഇടവകകളിലെ ഭവനങ്ങൾ സന്ദർശിച്ച് മുക്തി ധ്യാനത്തെക്കുറിച്ച് അറിയിപ്പ് നല്കി. അഞ്ചുതെങ്ങ് ഫെറോനയിൽ നിന്നും 8 പേരെ മുക്തിധ്യാനത്തിൽ പങ്കെടുപ്പിച്ചു. തൂത്തൂർ ഫെറോനയിൽ നീരോടി, വിശുദ്ധ നിക്കോളൊസ് വിദ്യാലയത്തിൽ മദ്യവിരുദ്ധ സെമിനാർ നടത്തി. രൂപതാ അസി.ഡയറക്ടർ റവ.ഫാ.ഡോണി, കോർഡിനേറ്റർ സി.ജിൻസ എന്നിവരുടെ നേതൃത്വത്തിൽ നടന്ന ക്ലാസിൽ 200 കുട്ടികൾ പങ്കെടുത്തു.

**മറ്റ് പ്രവർത്തനങ്ങൾ:** തൂത്തൂർ ഫെറോനയിൽ ഓഖിദുരിത ബാധിതർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനായി 8,12,000 രൂപ രൂപതാ സാമൂഹ്യശുശ്രൂഷാ ഡയറക്ടർ ഫാ.ലെനിൻരാജ് നൽകി.





# അൽമായശുശ്രൂഷ

### *അല്മായ ശുശ്രൂഷ വിലയിരുത്തൽ യോഗം*

2019 ജനുവരി 2-ാം തിയതി ഉച്ചയ്ക്ക് 2.30 ന് അല്മായ ശുശ്രൂഷ ഓഫീസിൽ വച്ച് ഡയറക്ടർ റവ. ഫാ. ടോണി ഹാംല റ്റിന്റെ അദ്ധ്യക്ഷതയിലും കോഡിനേറ്ററായ ശ്രീ. ജോണി ചിന്ന പ്പന്റെ സാന്നിദ്ധ്യത്തിലും യോഗം കൂടുകയുണ്ടായി. യോഗത്തിൽ രൂപതയിലെ 9 ഫൊറോന റീജിയണൽ ആനിമേറ്റർമാരും പങ്കെടു ത്തിരുന്നു. പ്രസ്തുത യോഗത്തിൽ സമുദായദിനത്തിനെക്കുറിച്ച് വിലയിരുത്തൽ നടത്തപ്പെടുകയും അല്മായ ശുശ്രൂഷ ശക്തിപ്പെ ടുത്തുന്നതിന്റെ ഭാഗമായി രൂപതയിലെ എല്ലാ ഇടവകകളിലും അല്മായ ശുശ്രൂഷ എക്സിക്യൂട്ടീവ് സമിതിയും ഫൊറോന എക്സി ക്യൂട്ടീവ് സമിതിയും രൂപീകരിക്കണമെന്നും അതോടൊപ്പം ഇടവക കൺവീനർമാരുടെയും എക്സ്ക്യൂട്ടീവ് സമിതിയുടെയും അഡ്രസ് ലിസ്റ്റ് ശേഖരിച്ച് ഓഫീസിലെത്തിക്കണമെന്നും അല്മായ ശുശ്രൂ ഷയിലടങ്ങിയിരിക്കുന്ന 3 മേഖലകളായ സമുദായ സംഘടന, ഭക്ത സംഘടന, വിവിധ പ്രൊഫഷണൽ ഫോറങ്ങൾ എന്നിവ ശക്തി പ്പെടുത്തുവാനുള്ള പ്രവർത്തനങ്ങൾ ഉണ്ടാകണമെന്ന് ഡയറക്ടർ നിർദ്ദേശിച്ചു.

ഈ തീരുമാനത്തിന്റെ ഭാഗമായി എല്ലാ ഫൊറോനകളിലും ഇടവക സമിതി രൂപീകരിക്കുകയും ഫൊറോന സമിതി തിരഞ്ഞെ ടുപ്പ് ഫെബ്രുവരി മാസം നടത്താനും തീരുമാനിച്ചു. ഇതിനോടനു ബന്ധിച്ച് വിവിധ ഫോറങ്ങൾ രൂപീകരിക്കുന്നതിനുവേണ്ടി എല്ലാ ഇടവകകളിലും ഡോക്റ്റേഴ്സ്, എഞ്ചിനിയേഴ്സ്, ടീച്ചേഴ്സ്, നേഴ്സ സ് ലിസ്റ്റ് ശേഖരിച്ചു വരുകയും ഇടവകളിലുള്ള ഭക്ത സംഘടനക ളുടെ ലിസ്റ്റ് ശേഖരിക്കുകയും ചെയ്തു വരുന്നതായും അല്മായ ശുശ്രൂഷ ആനിമേറ്റർമാർ റിപ്പോർട്ട് ചെയ്തു.

***സമുദായ സംഘടന പ്രവർത്തനം***

*1. കെ.എൽ.സി.ഡബ്ലു.എ (കേരള ലാറ്റിൻ കാത്തലിക്ക് വിമൺസ് അസ്സോസിയേഷൻ)*

2019 ജനുവരി 2-ാം തിയതി വൈകുന്നേരം 4 മണിയ്ക്ക് അല്മായ ശുശ്രൂഷ ഓഫീസിൽ വച്ച് ഡയറക്ടറിന്റെ അദ്ധ്യക്ഷതയിൽ രൂപത എക്സിക്യൂട്ടീവ് സമിതി യോഗം കൂടുകയുണ്ടായി. യോഗത്തിൽ 10 അംഗങ്ങൾ പങ്കെടുത്തിരുന്നു. യോഗത്തിൽ സമുദായദിന സംഗമത്തെക്കുറിച്ച് വിലയിരുത്തൽ നടത്തുകയും 2019 മാർച്ച് 8 അന്താരാഷ്ട്രാ വനിതാ ദിനമായതിനാൽ അന്നേദിവസം രൂപതയിൽ വച്ച് 1000 പേരെ പങ്കെടുപ്പിച്ചുകൊണ്ട് വനിതാദിനാഘോഷവും സെമിനാറും നടത്തുവാനും സംഘടനയെക്കുറിച്ച് സർക്കാർ തലത്തിൽ അറിയുന്നതിനു വേണ്ടിയും വനിതകളുമായി ബന്ധപ്പെട്ടുവരുന്ന വിഷയങ്ങൾ സർക്കാരിന്റെ നേതൃത്വത്തിൽ ചർച്ചകൾ നടത്തുമ്പോൾ കെ.എൽ.സി.ഡബ്ല്യു.എ യുടെ പങ്കാളിത്തം ഉണ്ടാകുവാൻ സാമൂഹ്യനീതി വകുപ്പ്, ഫിഷറീസ് വകുപ്പ് മന്ത്രിമാർക്കും ഇതിന്റെ സെക്രട്ടറിമാർക്കും ജില്ലാകളക്ടറിനും കത്ത് കൊടുക്കുവാനും തീരുമാനിച്ചു. കൂടാതെ തിരുവനന്തപുരം നഗരസഭയിൽ ഉൾപ്പെടുന്ന പേട്ട മാർക്കറ്റിലെ ശോചനീയവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി തിരുവനന്തപുരം മേയർക്കും നിവേദനം നൽകുവാനും തീരുമാനിച്ചു.

*2. കെ.എൽ.സി.ഡബ്ല്യു.എ മാനേജിംഗ് കമ്മറ്റി യോഗം*

2019 ജനുവരി 12-ാം തിയതി വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് കെ.എൽ.സി.ഡബ്ല്യു.എ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിലും ഡയറക്ടറിന്റെ സാന്നിദ്ധ്യത്തിലും യോഗം കൂടുകയുണ്ടായി. പ്രസ്തുത യോഗത്തിൽ 32 അംഗങ്ങൾ പങ്കെടുത്തിരുന്നു. ഈ യോഗത്തിൽ എക്സിക്യൂട്ടീവ് എടുത്തു തീരുമാനങ്ങൾ റിപ്പോർട്ട് ചെയ്യുകയും അതിൻപ്രകാരം പരിപാടി വിജയിപ്പിക്കുന്നതിന്റെ ഭാഗമായി വനിതാദിനാഘോഷത്തിന് ഉത്ഘാടനത്തിനായി മന്ത്രിയെ ക്ഷണിക്കുവാനും പരിപാടിയിൽ കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിക്കുന്നതിന്റെ ഭാഗമായി രൂപതാനേതാക്കളും ഡയറക്ടറും ഫൊറോനകൾ വിസിറ്റ് ചെയ്യുവാനും തീരുമാനിച്ചു.





**3. കെ.എൽ.സി.ഡബ്ല്യു.എ സംസ്ഥാന സെമിനാറുകൾ**

കെ.എൽ.സി.ഡബ്ല്യു.എ സംസ്ഥാന കമ്മിറ്റി എറണാകുളത്തും, കൊല്ലത്തും സംഘടിപ്പിച്ച സെമിനാറുകളിൽ രൂപതയുടെ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്തു.

**ഡി.സി.എം.എസ് പ്രവർത്തനങ്ങൾ**

**1. രൂപതാസമിതി യോഗം**

17.12.2018 ൽ ഡി.സി.എം.എസ് രൂപതാ സമിതിയോഗം അല്മായ ശുശ്രൂഷ ഓഫീസിൽ വച്ച് കൂടുകയുണ്ടായി. യോഗത്തിൽ 12 അംഗങ്ങൾ പങ്കെടുത്തു. പ്രസ്തുത യോഗത്തിൽ സ്ക്കോളർഷിപ്പ് കൊടുക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തു.

2. ഡി.സി.എം.എസ് മഹാ സമ്മേളനം

ഡി.സി.എം.എസ്. സംസ്ഥാന സമിതി സംഘടിപ്പിച്ച മഹാസമ്മേളനത്തിൽ രൂപതയെ പ്രതിനീകരിച്ച് 56 അംഗങ്ങൾ പങ്കെടുത്തിരുന്നു.

**ഭക്തസംഘടനകളുടെ പ്രവർത്തനം**

**1. വിൻസെന്റ് ഡി പോൾ സൊസൈറ്റി**

തിരുവനന്തപുരം സെൻട്രൽ കൗൺസിലിന്റെ കീഴിൽ ക്രിസ്തുമസ് പുതുവത്സരത്തിനോടനുബന്ധിച്ച് പൂന്തുറ, ഇടയാർ, പരുത്തിക്കുഴി, കഴക്കൂട്ടം, പുതിയതുറ എന്നീ ഇടവകകളിൽ ഭക്ഷ്യകിറ്റ് വിതരണം, സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള സാമ്പത്തിക സഹായം എന്നിവ കൊടുക്കുകയും. അടിമലത്തറ , വള്ളവിള, പരുത്തിയൂർ എന്നീ ഇടവകകളിലെ കോൺഫറൻസുകൾ പ്രോജക്റ്റ് മുഖേന മത്സ്യകച്ചവട സ്ത്രീകൾക്ക് വായ്പകൾ നൽകുകയും

ചെയ്തു. ഓഖിയിൽപ്പെട്ട് ദുരിതമനുഭവിക്കുന്ന 5 കുടുംബങ്ങൾക്ക് പ്രതിമാസം നൽകുന്ന ധനസഹായം അതാത് ഇടവകകളിലെ ഇടവകവികാരിമാർ വിതരണം നടത്തുകയും ചെയ്തു. പ്രസ്തുത പരിപാടികളിലെല്ലാം ഇടവകവികാരിമാരുടെയും, രൂപതാ വിൻസെന്റ് ഡി പോൾ സൊസൈറ്റി ഭാരവാഹികളുടെ സാന്നിധ്യവും ഉണ്ടായിരുന്നു.

**കേരള അഡ്മിനിസ്ട്രേഷൻ തൊഴിൽ സംവരണ ധർണ**

2019 ജനുവരി 11 വൈകുന്നേരം 4 മണിയ്ക്ക് വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് രൂപത അല്മായ ശുശ്രൂഷ ഡയറക്ടർ ഫാ. ടോണി ഹാംലറ്റിന്റെ അദ്ധ്യക്ഷതയിൽ യോഗം കൂടുകയുണ്ടായി. പ്രസ്തുത യോഗത്തിൽ കെ.ആർ.എൽ.സി.സിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ധർണ്ണ വിജയിപ്പിക്കുന്നതിന്റെ ഭാഗമായി വിളിച്ചുകൂട്ടിയ യോഗത്തിൽ കെ.എൽ.സി.എ, കെ.എൽ.സി.ഡബ്ല്യു.എ, ഡി.സി.എം.എസ്, കെ.സി.വൈ.എം എന്നീ സംഘടനകളുടെ പങ്കാളിത്തമുണ്ടായിരുന്നു. ഈ യോഗത്തിൽ സംവരണ ആനുകൂല്യങ്ങളും നിയമ വശങ്ങളെക്കുറിച്ച് കെ.ആർ.എൽ.സി.സി. ജനറൽ സെക്രട്ടറി വിശദീകരിക്കുകയും അതിനെതുടർന്ന് ജനുവരി 16-ാം തിയതി നടക്കുന്ന സെക്രട്ടറിയേറ്റ് ധർണ്ണയിൽ രൂപതയിലെ എല്ലാ സംഘടനകളിൽ നിന്നും കൂടുതൽ പങ്കാളിത്തം ഉണ്ടാകുന്നതിനുള്ള പ്രവർത്തനം നടത്തണമെന്ന് തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത പരിപാടിയിൽ കെ.എൽ.സി.എ, കെ.എൽ.സി.ഡബ്ല്യു.എ, ഡി.സി.എം.എസ്, കെ.സി.വൈ.എം എന്നിവയിൽ നിന്നും നല്ല ഒരു പങ്കാളിത്തം ഉണ്ടാകുകയും ചെയ്തു.





# ഫിഷറീസ് ശുശ്രൂഷ

**കടലിൽ ക്രിത്രിമപാര് നിക്ഷേപിക്കുന്നതുമായി ബന്ധപ്പെട്ട്**

പുല്ലുവിള ഫെറോന വൈദീകരുടെ നിർദ്ദേശാനുസരണം ശ്രീ. ഹഡ്സൻ തയ്യാറാക്കിയ ക്രിത്രിമപാര് കടലിൽ നിക്ഷേപിക്കുന്നത് സംബന്ധിച്ച് 14-01-19-ൽ വെള്ളയമ്പലം റ്റിഎസ്എസ്എസ്സിന്റെ ഹാളിൽ വച്ച് റ്റിഎംഎഫ് ഭാരവാഹികൾ, ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥപ് ഈ രംഗത്തെ വിദഗ്ധരുമായി ചേർന്ന് ഫിഷറീസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ യോഗം ചേരുകയും ക്രിത്രിമപാര് കൊണ്ടുള്ള നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തുകയും ചെയ്തു.

ഇതിന്റെ അടിസ്ഥാനത്തിൽ ക്രിത്രിമപാരുകൾ കടലിൽ നിക്ഷേപിക്കുന്നതിനുവേണ്ടി തയ്യാറാക്കിയ പ്രോജക്ട് 23-1-19-ൽ അതിരൂപതാ ഫിഷറീസ് മിനിസ്ട്രി ഡയറക്ടർ ഫാ.ഷാജിൻ ജോസിന്റെ നേതൃത്വത്തിൽ സംസ്ഥാന ഫിഷറീസ് വകുപ്പ് മന്ത്രിക്ക് ശ്രീമതി ജെ.മേഴ്സിക്കുട്ടിയ്ക്ക് സമർപ്പിക്കുകയും അനുഭാവപൂർവ്വം പരിഗണിക്കാം എന്ന ഉറപ്പ് ലഭിക്കുകയും ചെയ്തു.

**തീരദേശത്തിന്റെ യാത്രക്ലേശം പരിപാലിക്കാൻ**

കേരള മത്സ്യമേഖല വിദ്യാർത്ഥി സമിതിയുടെ നേതൃത്വത്തിൽ പൊഴിയൂർ-സെന്റ് ആൻഡ്രൂസ് ബസ്റൂട്ട് ആരംഭിക്കുന്നതിന് അധികൃതർക്ക് 21-1-19-ന് നിവേദനം നല്കി. ഒരാഴ്ചയ്ക്കകം ബസ്റൂട്ട് പുനരാരംഭിക്കാം എന്ന് അധികാരികൾ ഉറപ്പ് നല്കി.

**മത്സ്യമേഖല ശുശ്രൂഷ**

തിരുവനന്തപുരം അതിരൂപതയിൽ 2019 ജനുവരി മാസം മത്സ്യമേഖലാ ശുശ്രൂഷയ്ക്ക് രൂപം നല്കുകയും അതിന്റെ

അടിസ്ഥാനത്തിൽ 6 ഫെറോനകളിലെ 46 ഇടവകകളിൽ മത്സ്യമേഖലാ ശുശ്രൂഷാ സമിതിയിലേയ്ക്കായി ഇടവക കൺവീനർമാരെയും അതിനോടനുബന്ധിച്ച് മറ്റ് ഭരണസമിതി അംഗങ്ങളെയും തെരഞ്ഞെടുത്തു.

**മത്സ്യത്തൊഴിലാളി ഫോറം**

ഫെറോനായോഗം: പുതുക്കുറിച്ചി ഫെറോനയിൽ 20-ാം തീയതി സെന്റ് ആൻഡ്രൂസ് ഇടവകയിൽ വച്ച് റ്റിഎംഎഫ് ഡയറക്ടർ റവ.ഫാ.ഷാജിൻ ജോസിന്റെ സാന്നിദ്ധ്യത്തിൽ ഫെറോനായോഗം നടന്നു. 10 അംഗങ്ങൾ പങ്കെടുത്തു.

**ഇടവകതല റ്റിഎംഎഫ് യോഗങ്ങൾ:** അഞ്ചുതെങ്ങ് ഫെറോന 4/7 ഇടവകതലയോഗം നടന്നു. പുതുക്കുറിച്ചി 3/4 നടന്നു വലിയതുറ ഫെറോന 4/4 നടന്നു. പുല്ലുവിള ഫെറോന 4/7 കോവളം ഫെറോന 1/3 തൂത്തൂർ ഫെറോന 1/2 എന്നീ ക്രമത്തിൽ യൂണിറ്റ് യോഗങ്ങൾ നടന്നു.

**മത്സ്യക്കച്ചവട സ്ത്രീഫോറം**

**ഫെറോനയോഗം**

6-ാം തീയതി പുതുക്കുറിച്ചി, 18-ാം തീയതി കോവളം, 10-ാം തീയതി തൂത്തൂർ, 9-ാം തീയതി വലിയതുറ, 13-ാം തീയതി പുല്ലുവിള, 15-ാം തീയതി അഞ്ചുതെങ്ങ് എന്നീ ഫെറോനയോഗം നടന്നു. മത്സ്യമേഖലാ ശുശ്രൂഷാ കോഡിനേറ്റർ ശ്രീമാൻ തദയൂസ് അവർകളുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നു.

**ലോൺ വിതരണം**

പുല്ലുവിള ഫെറോനയിൽ 4 അംഗങ്ങൾക്ക് 70,000 രൂപ വീതം ലോൺ നല്കി.